# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ഏലിയാ സ്ലീവാ മൂശെ -
പള്ളിക്കൂദാശ ലക്കം 2010



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധിയിൽ വളർന്നുവരുവാൻ
ഞങ്ങളെ സഹായിക്കണമേ.

"മാതാവേ,
ഞങ്ങൾക്ക്
നിന്റെ കണ്ണുകളും
സ്നേഹിക്കുവാനുള്ള
നിന്റെ ഹൃദയവും
സഹോദരങ്ങൾക്കുവേണ്ടി
പ്രവർത്തിക്കുവാനുള്ള
സന്മനസ്സും തരണമേ.
നിന്നെപ്പോലെ
പരിശുദ്ധരായി
ജീവിക്കുവാനും
ദൈവിക സ്നേഹം
ഞങ്ങളുടെ ചുറ്റിലും
പ്രസരിപ്പിക്കുവാനും
ഞങ്ങൾക്കുവേണ്ടി
മാദ്ധ്യസ്ഥ്യം വഹിക്കണമേ".

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 2 ഏലിയാ സ്ലീവാ മൂശെ പള്ളിക്കൂദാശ ലക്കം 2010

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3).

സ്പിരിച്വൽ ഡയറക്ടർ:
റവ. ഫാ. മാത്യു വെള്ളാനിക്കൽ

ചീഫ് എഡിറ്റർ:
ഷിനി മുതുപ്ലാക്കൽ എ.ഒ.

എഡിറ്റോറിയൽ ബോർഡ്:
സുജ ചോതിരക്കുന്നേൽ എ.ഒ.
റ്റെസി കറുകപ്പറമ്പിൽ എ.ഒ.
ഷീലമ്മ പൂതക്കുഴി എ.ഒ

അഡ്വൈസറി ബോർഡ്:
റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
അന്നമ്മ കുളത്തുപുരയിടം എ.ഒ.

സർക്കുലേഷൻ മാനേജർ:
മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ

വാർഷിക വരിസംഖ്യ -50/-

ലേഔട്ട് & പ്രിന്റിങ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigipress@gmail.com

പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്
സ്പിരിച്വാലിറ്റി സെന്റർ
മാങ്ങാനം പി.ഒ.,
കോട്ടയം 686 018
ഫോൺ: 0481-2578192,2309774
Email: prosanctity@gmail.com

## ഉള്ളടക്കം

- പുരോഹിതൻ: പൂർണ്ണനാക്കപ്പെട്ടവൻ 3
- ആരാധനക്രമവത്സരസമാപനചിന്തകൾ 5
- പ്രതീക്ഷ: ഇന്നിൽ പ്രവർത്തനനിരതമായ ദൈവികശക്തി 7
- രാജേശ്വരിയോട് സുമതി പറഞ്ഞത് 11
- വിശുദ്ധം-വീരോചിതം 13
- കാർഷിക മുന്നേറ്റത്തിന്റെ കാഹളധ്വനി 15
- കുടുംബവും ദൈവവിളിയും 17
- ജന്മസാഫല്യം 20
- മറയപ്പെടാത്ത യുവത്വം 21
- ആരാണ് കണ്ടെത്താം 25
- ശവപ്പെട്ടിയും വിഡ്ഢിപ്പെട്ടിയും 26
- വിശ്വാസത്തിന്റെ അടിസ്ഥാനം: ദൈവം സ്നേഹമാകുന്നു എന്ന തീർച്ച 29
- കത്തോലിക്കാസഭയിലെ കള്ളത്തരങ്ങൾ 32




മാനത്ത് മിന്നിത്തെളിയുന്ന മഴവില്ല് മനോഹരമെങ്കിലും
അത് അഴകിന്റെ ഒരു മിന്നലാട്ടം മാത്രം...
സുന്ദരമായ നിറങ്ങൾപേറി വൈവിധ്യമാർന്ന സൗരഭ്യം
പകരുന്ന പുഷ്പങ്ങളും ഞെട്ടറ്റ് വീഴും....

ഈ ലോകത്തിലെ സുഖവും സന്തോഷവും സൗന്ദര്യവുമെല്ലാം നശ്വരങ്ങൾ
സത്രം ഭവനമല്ല!
ഈ ലോകം ഒരു സത്രം മാത്രം; നിത്യഭവനമായ
സ്വർഗ്ഗീയഗേഹത്തിലേക്കുള്ള യാത്രയ്ക്കിടയിൽ വിശ്രമിക്കാനുള്ള ഒരു സ്ഥലം...

ശൂന്യമായ കരങ്ങളോടെ ജനിക്കുന്നവൻ ശൂന്യമായ കരങ്ങളോടെ
മടങ്ങുന്നുവെങ്കിലും ജീവിതകാലത്തെ നന്മതിന്മകളുടെ കണക്കുകൾ അവനെ പിന്തുടരും
പക്ഷേ, ഈ ലോകത്തിലെ മരുപ്പച്ചകൾ തേടിയുള്ള പരക്കംപാച്ചിലുകൾക്കിടയിൽ
ഈ യാഥാർത്ഥ്യങ്ങൾ സ്മൃതിപഥത്തിലെത്തുമോ...?
ആത്മാവിന്റെ അഴക് തിന്മയുടെ അഴുക്കിനാൽ മൂടപ്പെട്ടിരിക്കുന്നോ...?

ദിനരാത്രങ്ങൾ കൊഴിയുന്നു...
അനുദിനം അന്തിമയാത്രക്കൊരുങ്ങുന്നവർ എണ്ണ കൈയിൽ കരുതിയ
ബുദ്ധിമതികളായ കന്യകമാർക്കുതുല്യം!

മഹത്വീകൃതമായ സ്ലീവാ...
മരിച്ചുയർത്ത് മഹത്വത്തിൽ പ്രവേശിച്ച മിശിഹായുടെ പ്രതിരൂപമായ
സ്ലീവായാണ് ഈ യാത്രയിൽ നമ്മുടെ വഴികാട്ടി; അന്ധകാരശക്തികളെ
ചെറുത്തുതോല്പിക്കാനുള്ള ആയുധം; നമ്മുടെ ബലഹീനതകളിൽ
ശക്തി; തളർച്ചയിൽ താങ്ങ്; മരണത്തിൽ ജീവൻ!

മഹത്വപൂർണ്ണമായ വരുംജീവിതത്തിൽ നിത്യാനന്ദത്തിലേക്ക് പ്രവേശിച്ച്
നിത്യവിരുന്നിനണയാൻ ഈ ലോകജീവിതം ഹേതുവാകട്ടെ. മംഗളങ്ങൾ!!

**ഷിനി മുതുപ്പാക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**








**ഫാ. മാത്യൂ വെള്ളാനിക്കൽ**

പഴയനിയമ പൗരോഹിത്യത്തിൽ നിന്നും പുതിയനിയമ പൗരോഹിത്യത്തെ വ്യതിരിക്തമാക്കുന്ന ഒരു പ്രധാന പ്രത്യേകത മനുഷ്യനെ വിശുദ്ധീകരിക്കാനുള്ള കഴിവാണ്. പുതിയനിയമ പൗരോഹിത്യം അഥവാ മിശിഹായുടെ പൗരോഹിത്യം പൂർണ്ണതയുടെ പൗരോഹിത്യമാണ്. മനുഷ്യനെ പൂർണ്ണനാക്കാൻ അഥവാ പാപങ്ങളിൽനിന്നും ശുദ്ധീകരിക്കാൻ കഴിവുള്ള പൗരോഹിത്യമാണ് പുതിയനിയമപൗരോഹിത്യം.

പഴയനിയമപൗരോഹിത്യത്തിന് മനുഷ്യനെ വിശുദ്ധീകരിക്കാൻ കഴിവില്ലായിരുന്നു. പഴയനിയമപൗരോഹിത്യം ലേവ്യ പൗരോഹിത്യമായിരുന്നു. മിശിഹായുടെ പൗരോഹിത്യം അതിൽനിന്നും തികച്ചും വ്യത്യസ്തമായ പൗരോഹിത്യമാണ്; "ലേവ്യപൗരോഹിത്യം വഴിയാണല്ലോ ജനങ്ങൾക്കു നിയമം നൽകപ്പെട്ടത്. ആ പൗരോഹിത്യം വഴി പൂർണ്ണത പ്രാപിക്കാൻ കഴിയുമായിരുന്നെങ്കിൽ, അഹറോന്റെ ക്രമത്തിൽ നിന്നും വ്യത്യസ്തമായി മെൽക്കിസെദെക്കിന്റെ ക്രമപ്രകാരം വേറൊരു പുരോഹിതൻ ഉണ്ടാവുക ആവശ്യമായിരുന്നോ?" (ഹെബ്രാ 7:11)

### നിയമം നൽകുന്ന പൗരോഹിത്യം

ലേവ്യപൗരോഹിത്യം നിയമം നല്കുന്ന പൗരോഹിത്യമായിരുന്നു. നിയമത്തിന് പാപത്തെ നീക്കിക്കളയാൻ കഴിവില്ല. പാപം ചെയ്യുന്നതിൽനിന്നും മനുഷ്യനെ തടയാനേ നിയമത്തിനു കഴിയൂ. അതിനു വേണ്ടിയാണ് നിയമം നൽകപ്പെട്ടതും. നിയമത്തെ ശിശുപാലകനോടാണ് വി. പൗലോസ് ഉപമിക്കുന്നത്: "വിശ്വാസം ആവിർഭവിക്കുന്നതിനു മുമ്പ് നമ്മൾ നിയമത്തിന്റെ കാവലിലായിരുന്നു. വിശ്വാസം വെളിപ്പെടുന്നതുവരെ നിയന്ത്രണാധീനരായി കഴിയുകയും ചെയ്തു. തന്നിമിത്തം നമ്മൾ വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് മിശിഹായുടെ ആഗമനംവരെ നിയമം നമ്മുടെ പാലകനായിരുന്നു. ഇപ്പോഴാകട്ടെ വിശ്വാസം സമാഗതമായ നിലയ്ക്ക് നമ്മൾ പാലകന് അധീനരല്ല"(ഗലാ 3:23-25). നന്മതിന്മകൾ തിരിച്ചറിയുവാൻ കഴിവുണ്ടാകുന്നതുവരെ ശിശുക്കളെ നിയന്ത്രിക്കാൻ നിയമിക്കപ്പെട്ടിരുന്ന ശിശുപാലകരോടാണ് വി. പൗലോസ് നിയമത്തെ ഉപമിക്കുന്നത്. നിത്യപുരോഹിതനായ മിശിഹായുടെ ആഗമനത്തോടെ ലേവ്യപൗരോഹിത്യത്തിലൂടെ നല്കപ്പെട്ട നിയമത്തിനു പ്രസക്തയില്ലാതായി. മിശിഹായിലുള്ള വിശ്വാസത്തിലൂടെ പാപത്തിൽനിന്നും വിശു

ദ്ധീകരിക്കപ്പെടുവാനും പാപത്തിൽ നിന്നും അകന്ന് വിശുദ്ധരായി ജീവിക്കാനും നമുക്കു കഴിയും.

### വിശ്വാസത്താൽ വിശുദ്ധീകരിക്കുന്ന പൗരോഹിത്യം

ലേവ്യപൗരോഹിത്യം ആവിർഭവിച്ചതും പാപത്തിന്റെ പശ്ചാത്തലത്തിലാണ്. ഇസ്രായേൽ ജനം അഹറോന്റെ നേതൃത്വത്തിൽ കാളക്കുട്ടിയെ ആരാധിച്ച് ശിക്ഷാർഹരായിത്തീരുകയും ലേവിയുടെ പുത്രൻമാരിലൂടെ ശിക്ഷ നടപ്പിലാക്കുകയും ചെയ്ത സന്ദർഭത്തിലാണ് ലേവ്യപൗരോഹിത്യം സ്ഥാപിതമായത്. ലേവിയുടെ പുത്രന്മാരോട് മോശ പറഞ്ഞു: "കർത്താവിന്റെ ശുശ്രൂഷയ്ക്കായി ഇന്നു നിങ്ങൾ നിങ്ങളെത്തന്നെ സമർപ്പിച്ചിരിക്കുന്നു. ഓരോരുത്തനും തന്റെ പുത്രനും സഹോദരനുമെതിരായി നിന്നതുകൊണ്ട് കർത്താവ് നിങ്ങൾക്ക് ഇന്ന് ഒരനുഗ്രഹം തരും" (പുറപ്പാട് 32: 29). നിയമത്തിലൂടെ പാപത്തെ ചെറുത്തുനില്ക്കുവാനാണ് ലേവ്യപൗരോഹിത്യം സ്ഥാപിതമായതെങ്കിൽ വിശ്വാസത്തിലൂടെ പാപത്തിൽ നിന്നും മനുഷ്യനെ വിശുദ്ധീകരിക്കുന്നതിനാണ് മിശിഹായുടെ പൗരോഹിത്യം സ്ഥാപിതമായത്. അതുകൊണ്ടാണ് മിശിഹായുടെ പൗരോഹിത്യം മെൽക്കിസെദെക്കിന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യം എന്നറിയപ്പെടുന്നത്. മോശയിലൂടെ നല്കപ്പെട്ട നിയമം വരുന്നതിനുമുമ്പ് വിശ്വാസത്തിലൂടെ നീതീകരിക്കപ്പെട്ട



അബ്രാഹവുമായി ബന്ധപ്പെട്ട പൗരോഹിത്യമാണ് മെൽക്കിസെദെക്കിന്റേത് (ഉൽപത്തി 14: 17–20). ഈശോമിശിഹാ ലേവീഗോത്രത്തിലല്ല യൂദായുടെ ഗോത്രത്തിലാണ് ജനിച്ചത്: "നമ്മുടെ കർത്താവു ജനിച്ചത് യൂദായുടെ വംശത്തിലാണെന്ന് സ്പഷ്ടമാണ്. ഈ വംശത്തിന്റെ പൗരോഹിത്യത്തെക്കുറിച്ച് മോശ ഒന്നും പറഞ്ഞിട്ടില്ല. മെൽക്കിസെദെക്കിന്റെ സാദൃശ്യത്തിൽ മറ്റൊരു പുരോഹിതൻ പ്രത്യക്ഷനാകുന്നതിൽ നിന്ന് ഇത് കൂടുതൽ വ്യക്തമാകുന്നു" (ഹെബ്രാ 7: 14–5).

### പൗരോഹിത്യവും പാപമോചനാധികാരവും

വിശ്വാസത്തിലൂടെ പാപത്തിൽനിന്നും വിശുദ്ധീകരിക്കുന്ന മിശിഹായുടെ പൗരോഹിത്യത്തിന്റെ തുടർച്ചയാണ് ശ്ലീഹന്മാരിലൂടെ സഭയിലേക്ക് കൈമാറപ്പെട്ടതും സഭയിൽ നിലനില്ക്കുന്നതും. ഉത്ഥാനശേഷം ഈശോ തന്റെ ശ്ലീഹന്മാർക്കു പ്രത്യക്ഷനായി അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അരുളിച്ചെയ്തു: "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും; നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവരോടു ബന്ധിക്കപ്പെട്ടിരിക്കും"(യോഹ 20:22 –23). നിത്യപുരോഹിതനായ ഈശോ മനുഷ്യകുലത്തിന്റെ പാപങ്ങൾക്കുവേണ്ടി എന്നേക്കുമായി തന്നത്തന്നെ ഒരിക്കൽ ബലിയർപ്പിച്ചുകൊണ്ട് അവർക്ക് വിശുദ്ധിയുടെ മാർഗ്ഗം തുറന്നുകൊടുത്തു (ഹെബ്രാ 7: 27). അവിടുത്തെ ഈ പൗരോഹിത്യ ശുശ്രൂഷ ശ്ലൈഹിക ശുശ്രൂഷയിലൂടെ ഇന്നും സഭയിൽ തുടരുകയാണ്. അതുകൊണ്ട് പുതിയനിയമ പൗരോഹിത്യത്തിന്റെ ഏറ്റം പ്രധാനപ്പെട്ട സവിശേഷതയാണ് പാപമോചനാധികാരം.

### പൗരോഹിത്യവും പരിപൂർണ്ണതയും

മിശിഹായുടെ പാപമോചനാധികാരം കൈകാര്യം ചെയ്യുന്നവനെന്ന നിലയിൽ പുരോഹിതൻ പരിശുദ്ധനും പരിപൂർണ്ണനും ആയിരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. മിശിഹായുടെ പരിശുദ്ധിയിലും പരിപൂർണ്ണതയിലും പങ്കുചേർന്നുകൊണ്ടുവേണം ഓരോ പുരോഹിതനും മിശിഹായുടെ പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിക്കുവാൻ. യഹൂദ പുരോഹിതന്മാരിൽ നിന്നും ഈശോയെ വ്യതിരിക്തനാക്കുന്നത് അവിടുത്തെ പാപമില്ലായ്മയും പാപമോചകശുശ്രൂഷയുമാണ്: " പരിശുദ്ധനും ദോഷരഹിതനും നിഷ്കളങ്കനും പാപികളിൽ നിന്നു വേർതിരിക്കപ്പെട്ടവനും സ്വർഗ്ഗത്തിനുമേൽ ഉയർത്തപ്പെട്ടവനുമായ ഒരു പ്രധാനപുരോഹിതൻ നമുക്കുണ്ടായിരിക്കുക ഉചിതമായിരുന്നു" (ഹെബ്രാ 7:26). പഴയനിയമ പൗരോഹിത്യ ശുശ്രൂഷ കൈകാര്യം ചെയ്തിരുന്നത് വെറും മനുഷ്യരായിരുന്നെങ്കിൽ പുതിയനിയമപൗരോഹിത്യത്തിന്റെ ഉടമയായ മിശിഹാ എന്നേക്കും പരിപൂർണ്ണനാക്കപ്പെട്ട ദൈവപുത്രനാണ്: "മനുഷ്യരെയാണ് പ്രധാന പുരോഹിതന്മാരായി നിയോഗിക്കുന്നത്. എന്നാൽ നിയമത്തിനുശേഷം വന്ന ശപഥത്തിന്റെ വചനമാകട്ടെ എന്നേക്കും പരിപൂർണ്ണനാക്കപ്പെട്ട പുത്രനെ നിയോഗിക്കുന്നു" (ഹെബ്രാ 7: 28). ആകയാൽ മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന പുതിയനിയമ പുരോഹിതരും മിശിഹായെപ്പോലെ പരിശുദ്ധരും പരിപൂർണ്ണരും ആയിരിക്കണം.







# ആരാധനക്രമവത്സര സമാപന ചിന്തകൾ

ഫാ. കുര്യാക്കോസ് മൂഞ്ഞേലി
എം. സി. ബി. എസ്.

ക്രൈസ്തവന്റെ ആദ്ധ്യാത്മിക ജീവിതത്തെ രൂപപ്പെടുത്തുന്നത് ഈശോയുടെ രക്ഷാകര സംഭവങ്ങളാണ്. സൃഷ്ടിമുതൽ ഈശോയുടെ രണ്ടാമത്തെ ആഗമനംവരെയുള്ള ദൈവികരഹസ്യങ്ങളെ ഈശോയുടെ ജീവിതത്തെ കേന്ദ്രമാക്കി ധ്യാനിച്ച് അവയ്ക്കനുസരിച്ച് ജീവിതക്രമീകരണം വരുത്തുക ആദ്ധ്യാത്മിക ജീവിതത്തിലെ വെല്ലുവിളിയാണ്. മിശിഹാരഹസ്യങ്ങളെ ചരിത്രത്തിൽ സന്നിഹിതമാക്കുന്നത് പരിശുദ്ധ കുർബാനയാണ്. അത് ഈശോയുടെ രക്ഷാകര ജീവിതത്തിന്റെ കൗദാശിക ആഘോഷമാണല്ലോ. വി. ഗ്രന്ഥത്തിൽ വിവരിക്കപ്പെടുന്നതും വി. കുർബാനയിൽ ആഘോഷിക്കപ്പെടുന്നതുമായ മിശിഹാരഹസ്യങ്ങളെ അല്പാല്പമായി ധ്യാനിച്ച്, അവയെ സഭാജീവിതത്തിന്റെ ഉറവിടങ്ങളാക്കി മാറ്റാനുള്ള പദ്ധതിയാണ് ആരാധനാവത്സരം. ഒരു പ്രത്യേക രക്ഷാസംഭവത്തിന് പ്രാധാന്യം നല്കി മിശിഹാരഹസ്യത്തെ ജീവിതബന്ധിയാക്കാൻ ഉള്ള പരിശ്രമവും ഇവിടെ കാണാം.

ഈശോയുടെ രണ്ടാമത്തെ വരവിനെ ധ്യാനിച്ചുകൊണ്ടും തന്റെ മണവാട്ടിയായ സഭയെ മഹത്ത്വപൂർണയായി സ്വർഗീയ പിതാവിന്റെ കൈകളിൽ സമർപ്പിക്കുന്ന ചിന്തകളെ ജീവിതത്തിൽ പകർത്താൻ ആഹ്വാനം നല്കിക്കൊണ്ടും ആരാധനക്രമവത്സരം സമാപിക്കുകയാണ്.

സ്ലീവായെ കേന്ദ്രീകരിച്ചുകൊണ്ടാണ് ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ മുന്നേറുന്നത്. യുഗാന്ത്യോന്മുഖ ജീവിതത്തെ ലക്ഷ്യം വയ്ക്കുന്നതോടൊപ്പം സ്ലീവായുടെ മഹത്ത്വം ധ്യാനിച്ച് അതിന്റെ ശക്തിയിൽ ആശ്രയിക്കുവാനും സ്വർഗീയ മഹത്ത്വം മുന്നിൽ കണ്ടുകൊണ്ട് ജീവിതക്രൂശുകളെ അഭിമുഖീകരിക്കുവാനും സഭ വിശ്വാസികളെ പ്രചോദിപ്പിക്കുന്നു. സ്ലീവായുടെ ശക്തി മനസ്സിലാക്കുന്നവർക്കും അവിടുത്തെ വിളിച്ച് പ്രാർത്ഥിക്കുന്നവർക്കും ആത്മീയ നന്മകൾ ധാരാളമായി ലഭിക്കുന്നു.

**"മരണം നിന്നെ ജയിച്ചിടുവാനായുധമാക്കിയ സ്ലീവായാൽ മരണത്തെ നീ നിഹനിച്ചു; ജീവൻ മൃതരിൽ വർഷിച്ചു."**

"മരണം നിന്നെ ജയിച്ചിടുവാനായുധമാക്കിയ സ്ലീവായാൽ മരണത്തെ നീ നിഹനിച്ചു; ജീവൻ മൃതരിൽ വർഷിച്ചു." ഉയിർപ്പുകാലത്തെ പ്രധാന ചിന്താവിഷയമാണിത്. ഉയിർപ്പുകാലത്തെ ആത്മീയ ചിന്തകൾക്ക് സമാനമായ ചിന്തകൾ ഈ കാലഘട്ടത്തിൽ നമുക്ക് കാണാം. ലോകദൃഷ്ടിയിൽ ദൈവശാപത്തിന്റെ അടയാളം സ്വമനസ്സാ സ്വീകരിച്ച് അതുവരെ ആർക്കും അർത്ഥം കണ്ടെത്താൻ കഴിയാതിരുന്ന കുരിശിൽ അർത്ഥം കണ്ടെത്താനും പിതൃഹിതം മനസ്സിലാക്കുവാനും കഴിഞ്ഞത് ഈശോയ്ക്കു മാത്രമാണ്. മിശിഹാനുയായിയ്ക്ക് കുരിശുകൾ നാശകാരണങ്ങളല്ല സ്വർഗീയജീവിതത്തിന് മുന്നൊരുക്കമാണ്. മാമോദീസായിൽ മിശിഹായോടുകൂടെ ക്രൂശിക്കപ്പെട്ടവൻ ദൈവത്തിനുവേണ്ടി ജീവിക്കുന്നു. ഈശോയിലൂടെ ലോകം ക്രൈസ്തവനും, ക്രൈസ്തവൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാ 5,24). സ്വന്തം ഉദരത്തെ ദൈവമാക്കിയിരിക്കുന്നവരും ലജ്ജാകരമായതിൽ അഭിമാനിക്കുന്നവരും ഭൗതിക വസ്തുക്കളിൽ ഹൃദയം സമർപ്പിച്ചിരിക്കുന്നവരും മിശിഹായുടെ കുരിശിന്റെ ശത്രുക്കളാണ് (ഫിലി 3,18).

**മിശിഹായ്ക്ക് കുരിശുകൾ നാശകാരണങ്ങളല്ല സ്വർഗീയജീവിതത്തിന് മുന്നൊരുക്കമാണ്.**

സാത്താന്റെ പ്രലോഭനങ്ങൾക്കെതിരെ നിതാന്തജാഗ്രത പാലിക്കാൻ കാലഘട്ടം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവപ്രമാണങ്ങളിൽനിന്നും നമ്മെ അകറ്റുന്ന ഭൗതിക ആഗ്രഹങ്ങൾ നിഹനിക്കുവാൻ മാതാവിന്റെ മാദ്ധ്യസ്ഥ്യം യാചിക്കുന്നു. ശരീരങ്ങളുടെ ഉയിർപ്പും അന്ത്യവിധിയും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും ധ്യാനവിഷയമാക്കുന്ന കാലഘട്ടം ദൈവന്യായാസനത്തിൻമുമ്പിൽ കർത്താവിന്റെ കൃപ മാത്രമാണ് നമ്മുടെ രക്ഷയ്ക്കടിസ്ഥാനം എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

സഭാസമർപ്പണ ചിന്തയോടെ ആരാധനാവത്സരം അവസാനിക്കുന്നു; പള്ളിക്കൂദാശക്കാലത്ത്. തന്റെ മണവാട്ടിയായ സഭയെ പിതാവിന് സമർപ്പിക്കുന്ന മഹത്ത്വപൂർണമായ ദിനങ്ങൾ മുൻകൂട്ടി ധ്യാനിക്കുകയും അനുഭവിക്കുകയുമാണ് ഈ ദിനങ്ങളിൽ. ദൈവം രൂപംകൊടുത്ത രക്ഷാകര പദ്ധതിയുടെ പൂർത്തീകരണത്തോടെ അവിടുന്ന് സകലത്തിന്റെയും നാഥനായി വാഴും; സഭ മഹത്ത്വത്തിലേക്ക് പ്രവേശിക്കും. ഈ ഭൂമിയിലെ സഭ ദൈവത്തെ മഹത്ത്വപ്പെടുത്തുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന സ്വർഗീയ സഭയുടെ മുന്നാസ്വാദനമാണ്. ഭൗമികമെങ്കിലും സ്വർഗീയ ദാനങ്ങളാൽ പരിപുഷ്ടയാണ് സഭ. ശരീര രക്തങ്ങളാണ് ഈശോ സഭയ്ക്ക് നല്കിയത്. മണവാളനെ ദർശിക്കുന്ന മണവാട്ടി ആഹ്ലാദിക്കുന്നു; മഹത്ത്വീകരിക്കപ്പെടുന്നു.

വരനായ ഈശോയും മണവാട്ടിയായ സഭയും ആരാധനാവത്സരത്തിന്റെ സമാപന നാളുകളിൽ പ്രത്യേകം ധ്യാനവിഷയമാവുകയാണ്. പരി. ത്രിത്വത്തിന്റെ പ്രത്യേക പരിപാലനയും സംരക്ഷണവും നിറഞ്ഞുനില്ക്കുന്ന തിരുസ്സഭ സമ്പൂർണയാണ്. പിതാവ് രൂപംനല്കിയ സഭയ്ക്ക് പുത്രൻ അടിസ്ഥാനമിട്ടു. പരിശുദ്ധാത്മാവ് അതിനെ ഇന്നും വിശുദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. പിതാവ് സ്വർഗീയ ഭവനത്തിന്റെ സാദൃശ്യത്തിലും മാതൃകയിലുമാണ് സഭയ്ക്ക് രൂപം നല്കിയത്. മനുഷ്യർക്ക് സാന്ത്വനമരുളുന്ന ഒരു ഭവനമാണിത്. കുരിശിന്റെ സന്ദേശം നിറയുന്ന ഈ ഭവനം നിത്യരക്ഷയുടെ കൂടാരമാണ്. ഈശോ തന്റെ തിരുരക്തത്താൽ കഴുകി വെടിപ്പാക്കിയതിനാലും ശരീരത്താൽ പരിപോഷിപ്പിക്കുന്നതിനാലും നാനാദിക്കുകളിൽനിന്നുള്ള ജനപദങ്ങൾ പാപപ്പൊറുതിക്കായി സഭയിൽ അഭയംതേടുന്നു.

കുരിശിന്റെ ശക്തിയും സഭയുടെ മഹത്ത്വവും ധ്യാനവിഷയമാക്കുന്ന അരാധാനാവത്സരത്തിലെ സമാപന കാലഘട്ടങ്ങളിൽ മഹത്ത്വീകൃതനായ 'സ്ലീവാ'യിൽ അഭിമാനിക്കുവാനും മഹത്ത്വപൂർണ്ണയായ സഭയിൽ അഭയം തേടുവാനും നമുക്ക് ശ്രമിക്കാം.











# പ്രതീക്ഷ: ഇന്നിൽ പ്രവർത്തനനിരതമായ ദൈവികശക്തി

**റോസമ്മ കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

പ്രതീക്ഷ നമ്മുടെ വ്യക്തിപരമായ ആദ്ധ്യാത്മിക ജീവിതത്തിൽ ഒതുക്കിനിർത്തിയാൽപ്പോരാ, മറിച്ച് പ്രത്യാശ നിറഞ്ഞ ഒരു ലോകത്തെ വാർത്തെടുക്കണം. "പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധി പ്രാപിക്കുകയും ചെയ്യട്ടെ" (റോമാ 15,13). മനുഷ്യവംശത്തെ മുന്നിൽ കണ്ടുകൊണ്ടാണ് ദൈവം സഭയ്ക്ക് രൂപം കൊടുത്തതെന്ന കാര്യം നമുക്ക് വിസ്മരിക്കാൻ പാടില്ല.

ഇന്നത്തെ ലോകത്തിന്റെ സ്ഥിതി എന്താണ്? പ്രത്യാശയില്ലാത്ത ലോകമാണ്. ദൈവത്തെ മാറ്റിനിർത്തിക്കൊണ്ട് സ്വയം പര്യാപ്തരായി ജീവിക്കാമെന്ന് കരുതുന്നവരുടെ എണ്ണം പെരുകുകയാണ്. സാമൂഹിക വികസനത്തിലുണ്ടാകുന്ന അപകടമാണിത്. ദൈവത്തിന്റെ സ്ഥാനത്ത് സാത്താനെ കൂട്ടുപിടിക്കാൻ മടിക്കാത്തവരും പെരുകുന്നു. നന്മയോ തിന്മയോ എന്നൊന്നും നോക്കാതെ അപരന്റെ കാര്യത്തിൽ യാതൊരു താല്പര്യവും കാട്ടാതെ ആരേയും വകവരുത്തി എങ്ങനേയും സ്വത്ത് സമ്പാദിച്ച് ഈലോകജീവിതം അടിച്ചുപൊളിക്കണമെന്ന ചിന്തയല്ലാതെ മറ്റൊന്നിനും സ്ഥാനമില്ലാത്ത നിലപാടാണ് മനുഷ്യമനസ്സിൽ വളർന്നുവരുന്നത്. തന്മൂലം ലോകത്തെവിടെയും, എന്തിനേറെ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിലും എല്ലാവിധത്തിലുമുള്ള തിന്മയുടെ വിളയാട്ടമാണ്. ഫലമോ, നിരാശയിൽ മുങ്ങിത്താഴുന്ന ജീവിതങ്ങൾ!

സഭാതനയരായ നാം ഈ ലോകത്തിൽ, ഇന്നിൽ പ്രത്യാശയുടെ ശബ്ദമായിത്തീരണം. "തിന്മയുടേതല്ല അവസാനത്തെ വാക്കെന്നും സ്നേഹം മരണത്തെക്കാൾ ശക്തമാണെന്നും നമ്മുടെ ഭാവിയും, മുഴുവൻ മാനവവംശത്തിന്റെ ഭാവിയും വിശ്വസ്തനും കരുതലുള്ളവനുമായ ദൈവത്തിന്റെ കരങ്ങളിൽ സ്ഥിതി ചെയ്യുന്നുവെന്നുമുള്ള പ്രത്യാശയുടെ സന്ദേശം പ്രഘോഷിക്കുവാനും വിശുദ്ധിയുടെയും ഉപവിയുടെയും പ്രായോഗിക സാക്ഷ്യംകൊണ്ട് അതിന്റെ സത്യം സ്ഥിരീകരിക്കാനും സഭ എല്ലാക്കാലത്തും എല്ലാ സ്ഥലത്തും വിളിക്കപ്പെട്ടിരിക്കുന്നു" ബെനടിക്റ്റ് XVI-മാർപാപ്പയുടെ വാക്കു

**“പറുദീസാ ഒരു വീടാണ്-അത് നിർമ്മിക്കുന്നത് ഈ ലോകജീവിതത്തിലും അതിൽ വസിക്കുന്നതോ പരലോകത്തിലും.”**



കൾ നമുക്ക് ഹൃദയപൂർവം സ്വീകരിക്കാം.

“സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണ്. കൊലപാതകിയിൽ നിത്യജീവൻ വസിക്കുന്നില്ല എന്ന് നിങ്ങൾക്കറിയാമല്ലോ” (1 യോഹ 3,15). സഹോദരനെ അവൻ എങ്ങനെയുള്ളവനായാലും യാതൊരു വ്യവസ്ഥയും കൂടാതെ സ്നേഹിക്കുന്നതിലാണ് നിത്യജീവൻ ഉള്ളത്. മരണാനന്തരം കിട്ടുന്ന ഒന്നായി മാത്രം നിത്യജീവനെ കാണരുത്. ഈ ലോകത്തിൽത്തന്നെ നാം അതിനായി യത്നിക്കണം. അതിനായി നിത്യജീവന്റെ ഉറവിടമായ ഈശോയോട് ചേർന്ന്, ഈശോ ഇന്ന് ജീവിക്കുന്ന സഭയോടു ചേർന്ന് നാം ജീവിക്കണം. അപ്പോൾ മറ്റുള്ളവരിൽ ഈശോയെ കണ്ടുകൊണ്ട് സ്നേഹിക്കുവാൻ വേണ്ട ശക്തിയും കൃപയും നമുക്ക് ലഭിക്കും.

നമ്മുടെ മാർപാപ്പ വീണ്ടും പറയുന്നു: ‘‘ദൈവത്തെ അറിയാത്ത യാതൊരുവനും അയാൾ പലതരം പ്രതീക്ഷകൾ വച്ചു പുലർത്തുന്നുണ്ടെങ്കിലും ആത്യന്തികമായി പ്രത്യാശ ഉണ്ടായിരിക്കുകയില്ല. ജീവിതകാലം മുഴുവൻ ശക്തി പകരുന്ന മഹത്തായ ആപ്രത്യാശ ഉണ്ടായിരിക്കുകയില്ല. എന്തെല്ലാം നിരാശകൾ ഉണ്ടായാലും മനുഷ്യനെ നിലനിർത്തുന്നത് മഹത്തായ സത്യത്തിലുള്ള ഒരു പ്രതീക്ഷയാണ്. ദൈവമാണ് ആ പ്രതീക്ഷ. നമ്മെ സ്നേഹിക്കുന്ന, അവസാനംവരെ നമ്മെ തുടർന്നും സ്നേഹിക്കുന്ന ദൈവം.”

‘‘പറുദീസാ ഒരു വീടാണ്-അത് നിർമ്മിക്കുന്നത് ഈ ലോകജീവിതത്തിലും അതിൽ വസിക്കുന്നതോ പരലോകത്തിലും.’’ പ്രത്യാശയുടെ നക്ഷത്രമായ പരിശുദ്ധ അമ്മ അനുദിനം സ്വർഗീയ ഭവനത്തെ ലക്ഷ്യം വച്ച് യാത്രചെയ്യുവാൻ നമുക്കു വഴികാട്ടിയാണ്. അവളുടെ കരം പിടിച്ച് എന്റെ അമ്മേ എന്റെ ആശ്രയമേ എന്നു പ്രാർത്ഥിക്കാം.

**മരണാനന്തരം കിട്ടുന്ന ഒന്നായി മാത്രം നിത്യജീവനെ കാണരുത്. ഈ ലോകത്തിൽത്തന്നെ നാം അതിനായി യത്നിക്കണം. അതിനായി നിത്യജീവന്റെ ഉറവിടമായ ഈശോയോട് ചേർന്ന്, ഈശോ ഇന്ന് ജീവിക്കുന്ന സഭയോടു ചേർന്ന് നാം ജീവിക്കണം.**





# മാർ തോമാ സ്ലീവാ

**ആദിമ സഭയിൽ**: മെശയാനിക വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും നിർണായകവും മാനദണ്ഡാത്മകവുമായ കാലഘട്ടമായി കത്തോലിക്കാ സഭ നിശ്ചയിച്ചിരിക്കുന്ന 9-ാം നൂറ്റാണ്ടുവരെയുള്ള കാലയളവിൽ മിശിഹായുടെ ആൾരൂപമില്ലാത്ത സ്ലീവായാണ് പാശ്ചാത്യ പൗരസ്ത്യ സഭകളിൽ വണങ്ങപ്പെട്ടിരുന്നത്. ശൂന്യമായ ഖബറിടംപോലെ തന്നെ ശൂന്യമായ സ്ലീവായും മിശിഹായുടെ ഉത്ഥാനത്തിന്റെ പ്രതീകമായി എല്ലാ സഭകളും പ്രഘോഷിച്ചിരുന്നു. ഉത്ഥാനംവഴി മരണത്തിന്റെയും പാപത്തിന്റെയും സഹനത്തിന്റെയും മേൽ വിജയംവരിച്ച മിശിഹായേയാണ് ആദിമ മെശയാനികർ ശൂന്യമായ സ്ലീവായിൽ ദർശിച്ചിരുന്നത്. അതുകൊണ്ടുതന്നെ ഓരോ സഭയും അതിന്റേതായ രീതിയിൽ ജീവനുള്ളതും തളിർക്കുന്നതും പുഷ്പിക്കുന്നതും ഫലം ചൂടുന്നതുമൊക്കെയായ വൃക്ഷങ്ങളായി സ്ലീവായ്ക്ക് രൂപകല്പനകൊടുത്തു. ഇത്തരം സ്ലീവാകൾ ആദിമസഭാശേഖരങ്ങളിൽ സുലഭമാണ്.



**ഈശോമിശിഹായുടെ മരണോത്ഥാനങ്ങളുടെ മിഴിവുറ്റ പ്രതീകമാണു മാർ തോമാ സ്ലീവാ; മാത്രമല്ല, വിശ്വാസികളുടെ മിശിഹായിലുള്ള ജീവിത പൂർണതയുടേയും മാർ തോമാ നസ്രാണികളുടെ സജീവവിശ്വാസത്തിന്റെ മിഴിവുറ്റ ചരിത്ര യാഥാർത്ഥ്യമാണ് മാർ തോമാ സ്ലീവാ.**

മാർതോമാ നസ്രാണികളും അക്കാര്യത്തിൽ ഒട്ടും പിന്നിലായിരുന്നില്ല. അവരുടെ സജീവ വിശ്വാസ പ്രകാശനമാണ് മാർ തോമാ സ്ലീവാ.

ഈശോമിശിഹായുടെ ഉത്ഥാന പ്രതീകമായി സ്ലീവായെ ദർശിച്ചുകൊണ്ടാണ് സഭാപിതാക്കന്മാർ അതിനെ ‘ജീവന്റെ വൃക്ഷം’ ‘ജസ്സെയുടെ കൊമ്പ്’, ‘സമാശ്വാസദണ്ഡ്’, ‘നോഹിന്റെ പെട്ടകം’, ‘ഈശോയുടെ ശക്തിയും മഹത്ത്വവും’ എന്നൊക്കെ വിശേഷിപ്പിച്ചിട്ടുള്ളത്. ഈശോയെ ‘സ്ലീവാ’ എന്നു വിളിച്ചുകൊണ്ടുള്ള പ്രാർത്ഥനകൾ സുറിയാനി ഉറവിടങ്ങളിൽ ധാരാളമാണ്.

**മുദ്ര അഥവാ ചിഹ്നം:**

ഓരോ ദേശത്തിനും ഓരോ രാഷ്ട്രത്തി നും അതതിന്റേതായ അടയാളമുണ്ട്. ഓരോ പാർട്ടിയും സ്വന്തം ചിഹ്നത്തിലാണ് മത്സരിക്കുക. സ്ഥാപനങ്ങളും സമൂഹങ്ങളും മാത്രമല്ല,

വ്യക്തികൾപോലും സ്വന്തം മുദ്രകളും അടയാളങ്ങളും ഉണ്ടാക്കാറുണ്ടല്ലോ. സമൂഹം അഥവാ സ്ഥാപനം അഥവാ വ്യക്തി എന്തിനുവേണ്ടി നിലകൊള്ളുന്നുവോ അതാണ് അതിന്റേതായ മുദ്ര അഥവാ ചിഹ്നം വെളിവാക്കുന്നത്.


മാർ തോമായുടെ മാർഗത്തിനും അതിന്റേതായ ചിഹ്നമുണ്ട്. അതാണ് മാർ തോമാ സ്ലീവാ.

**പാരമ്പര്യം:** മാർ തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വാവസരത്തിൽ, അദ്ദേഹത്തിന്റെ രക്തം വീണു നനഞ്ഞതെന്നു വിശ്വസിക്കപ്പെടുന്ന കരിങ്കൽ പാറമേൽ പിൽക്കാലത്തു കൊത്തിയുണ്ടാക്കിയിട്ടുള്ളതാണ് മാർ തോമായുടെ മാർഗത്തിന്റെ (ഇന്ത്യയിലെ മാർ തോമ്മാ നസ്രാണികളുടെ സഭാജീവിതം) ഈ പ്രത്യേക പ്രതീകം. ഏഴാം നൂറ്റാണ്ടിലാണിതു (650 നടുത്ത്) കൊത്തപ്പെട്ടതെന്ന് ആധുനിക പണ്ഡിതന്മാർ ശാസ്ത്രീയ പരീക്ഷണങ്ങളുടെ വെളിച്ചത്തിൽ സാക്ഷ്യപ്പെടുത്തുന്നു. കരിങ്കല്ലാകട്ടെ മിശിഹാക്കാലത്തിനു മുമ്പുതന്നെ രൂപപ്പെട്ടിട്ടുള്ളതും. സ്ലീവായുടെ ചുറ്റുമുള്ള സസാനിയൻ-പാഹ്‌ലവി ലിഖിതം കൃത്യമായി വായിച്ചെടുക്കാൻ പണ്ഡിതന്മാർക്ക് ഇതേവരെ കഴിഞ്ഞിട്ടില്ല.

ഡിസംബർ 18-ാം തീയതി മാർതോമായുടെ മാർഗത്തിന്റെ സജീവചിഹ്നമായ മാർ തോമാ സ്ലീവായുടെ തിരുനാളാണ്.



**ശൂന്യമായ സ്ലീവാ:** മിശിഹായുടെ ആൾരൂപമില്ലാത്ത മാർ തോമാ സ്ലീവാ, ശൂന്യമായ കല്ലറപോലെ തന്നെ അവിടുത്തെ ഉത്ഥാനത്തിന്റെ പ്രതീകമാണ്.




**വിടരുന്ന മൊട്ട്:** മാർ തോമാ സ്ലീവായുടെ നാലഗ്രങ്ങളും വിടരുന്ന മൊട്ടുകൾ കണക്കെ സംവിധാനം ചെയ്തിരിക്കുന്നു. മൊട്ട് പുതുജീവന്റെ അടയാളമാണല്ലോ. മിശിഹായുടെ ഉത്ഥാനം വഴിയാണ് മാനവവംശത്തിന് യഥാർത്ഥത്തിലുള്ള പുതുജീവൻ ലഭിച്ചത്. അങ്ങനെ ഈ പ്രത്യേക സ്ലീവായുടെ ആകൃതിതന്നെ ആശയം വ്യക്തമാക്കുന്നു.



**പറന്നിറങ്ങുന്ന പ്രാവ്:** മാർ തോമാ സ്ലീവായിലേക്കു പറന്നിറങ്ങുന്ന റൂഹാദഖുദിശായും മിശിഹായുടെ തിരുവുത്ഥാനത്തെ പ്രഘോഷണം ചെയ്യുന്നു. മാർ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നതുപോലെ, റൂഹാദഖുദിശായാണു മൃതനായ മിശിഹായെ ഉയിർപ്പിക്കുന്നത് (റോമാ 8,11). മിശിഹായുടെ മാംസളശരീരം അരൂപിക്കടുത്ത ശരീരമായി റൂഹാദഖുദിശാ മാറ്റുന്നു.



**താമരയിൽ:** സ്ലീവാ ഉയർത്തപ്പെട്ടിരിക്കുന്നത് താമരയിലാണ്. താമര ബുദ്ധമതത്തിന്റെ അടയാളമാണല്ലോ. അശോക ചക്രവർത്തിയുടെ പരിശ്രമംമൂലം മിശിഹാക്കാലം ആദ്യനൂറ്റാണ്ടുകളിൽ ബുദ്ധമതത്തിന് ഇൻഡ്യയിലുണ്ടായിരുന്ന സ്വാധീനഫലമായി, താമര ഇൻഡ്യയുടെതന്നെ അടയാളമായി മാറിയിരുന്നു. അങ്ങനെ, താമരയിൽ ഉയർത്തപ്പെട്ട സ്ലീവാ, ഇൻഡ്യയിൽ സ്വീകരിക്കപ്പെട്ട അഥവാ ഉറപ്പിക്കപ്പെട്ട ഉത്ഥിതനായ മിശിഹായുടെ പ്രതീകമായി നിലകൊള്ളുന്നു. (താമരയിലെ നാല് ഇതളുകൾ, പറുദീസായിലെ നാലു കൈവഴികളായി പിരിഞ്ഞ-പിഷോൺ, ഗിഹോൺ, ടൈഗ്രീസ്, യൂഫ്രെട്ടീസ്-നദിയെ സൂചിപ്പിക്കുന്നു. ഇത് സൃഷ്ടികർമ്മം മുതൽ പൂർത്തിയാക്കപ്പെടുന്ന ദൈവിക പദ്ധതിയേയും സൂചിപ്പിക്കുന്നു എന്ന ഒരു പാരമ്പര്യം ഓർത്തഡോക്സ് സഭയിലുണ്ട്).



**മൂന്നുപടികൾ:** മാർ തോമാ സ്ലീവായിലെ താമരയാകട്ടെ വെള്ളത്തിൽ കിടക്കുകയല്ല, പ്രത്യുത മൂന്നു പടികളുടെ മുകളിലാണിരിക്കുന്നത്. ആരാധനാപാരമ്പര്യത്തിൽനിന്നും ഉരുത്തിരിഞ്ഞ ഈ പ്രതീകം ഗാഗുൽത്തായെ സൂചിപ്പിക്കുന്നു, അങ്ങനെ ഈശോമിശിഹായുടെ മരണത്തെയും. സീറോമലബാർ പള്ളികളിലെ വചനപ്രഘോഷണ വേദിയായ ബേമ്മാ ഗാഗുൽത്തായുടെ പ്രതീകമാണ്. ബേമ്മായ്ക്ക് മൂന്നുപടികൾ വേണമെന്നാണ് നിയമം.

മാർ തോമാ സ്ലീവാ ഈശോയുടെ മരണോത്ഥാനങ്ങളെ ഒരുപോലെ വിളംബരം ചെയ്യുന്നു; മാത്രമല്ല, മരണോത്ഥാനങ്ങളിലൂടെ രക്ഷാകർമ്മം പൂർത്തിയാക്കിയ മിശിഹാ ഭാരതഭൂവിൽ സ്വീകരിക്കപ്പെട്ടുകഴിഞ്ഞവനാണെന്നും പ്രഖ്യാപിക്കുന്നു.







# രാജേശ്വരിയോട് സുമതി പറഞ്ഞത്

ഫാ. സിറിയക് കോട്ടയിൽ
ഫൗമിലി അപ്പോസ്റ്റലേറ്റ്, ചങ്ങനാശ്ശേരി

കാടനെന്നോ കാട്ടാളനെന്നോ ഒക്കെ അയാൾക്ക് പേരു നൽകിയാൽ അയാൾ പോലും അക്കാര്യത്തിൽ പരാതി പറയില്ല. ഭാര്യ സുമതി-ജോലിക്കാരിയാണ്; ബാങ്കുദ്യോഗസ്ഥ. സൗന്ദര്യധാമമെന്നൊന്നും പറയാനാവില്ലെങ്കിലും അഴകുള്ളവളാണ്. ഗോപനെന്ന എക്സ് - സർവ്വീസുകാരനായ ആ മുട്ടാളന്റെ പരാതിയേറെയും സുമതിയുടെ സൗന്ദര്യത്തെച്ചൊല്ലിയാണ്. പരാതിക്കാരന്റെ പരാതി ഭാര്യാഭർതൃബന്ധത്തിന്റെ ആരംഭത്തിൽതന്നെ തുടങ്ങിയതാണ്. അവളെ അയാൾ ഇരയുടെമേൽ ചാടിവീണ് ശൗര്യം കാട്ടുന്ന സിംഹത്തെപ്പോലെ ആക്രമിക്കും. ആദ്യമൊക്കെ സുമതി അക്ഷരം പോലും ഉരിയാടാതെ എല്ലാം സഹിക്കുമായിരുന്നു. ഈയിടെയായി അവളും പ്രതികരിക്കാൻ തുടങ്ങിയിരിക്കുന്നു. സ്വന്തം ജീവനുമേൽ വാളോങ്ങുന്ന ഏതൊരുവന്റെ നീക്കത്തെയും ചെറുക്കാനുള്ള അവകാശം ഭൂമിക്കുമേൽ ജീവിച്ചിരിക്കുന്ന ഏതൊരുവൾക്കുമുള്ളതല്ലേ?"

"സുമതീ...എടീ സുമതീ"

സുമതി അയാളുടെ ആജ്ഞയും കാത്ത് രാജസേവകൻ മഹാരാജാവിന്റെ മുന്നിലെന്നോണം വന്നുനിന്നു.

മഹാരാജാവിന്റെ തിരുനാവിൽനിന്ന് വന്നത് കൽപനയല്ല. കോപം കലർന്ന പരിഭവമാണ്. ''ശമ്പളം കയ്യിൽ കൊണ്ടുതരാൻ ഞാനെന്താ നിന്റെ മുമ്പിലിനി അപേക്ഷ വയ്ക്കണോ?'' ഭാര്യയുടെ ശമ്പളം ടിയാന്റെ കൈവശമെത്താൻ ഒരു ദിനം താമസിച്ചതിന്റെ പരിഭവമാണ്. ശമ്പളം കയ്യിൽ വാങ്ങി എണ്ണിനോക്കിയിട്ട് അയാളൊന്നിരുത്തി മൂളുകമാത്രം ചെയ്തു. സുമതി അന്നും ബാങ്കിൽ പോയി; കലങ്ങിയ കണ്ണുകളുമായി, നെഞ്ചിൽ നിറയെ വ്യഥയുമായി. സഹപ്രവർത്തകരിൽ രാജേശ്വരിക്കുമാത്രമാണ് സുമതിയുടെ അവസ്ഥ നന്നായി അറിയാവുന്നത്. രാജേശ്വരിയുടെ കാബിനിൽ പോയി അന്നും സുമതി ഏറെ കരഞ്ഞു. അമ്മ കുഞ്ഞിനെയെന്നോണം രാജേശ്വരി സുമതിയെ ആശ്വസിപ്പിച്ചു.

അടിമയോടെന്നോണം ആക്രമണവീര്യത്തോടെ തങ്ങളുടെ ഭാര്യമാരെ സമീപിക്കുന്ന ഗോപന്മാർ നമ്മുടെ സമൂഹത്തിൽ ഇന്നെണ്ണ

ത്തിൽ കുറവല്ല. അകത്തളങ്ങളിൽ സുമതിയെപ്പോലുള്ള അംഗനമാർ അനുഭവിക്കുന്ന മനോവിഷമങ്ങൾ ഏറെയും പുറത്താരും അറിയാതെ പോകുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യം മാത്രമാണ്.

ഞാനൊരു ഫെമിനിസ്റ്റുവാദിയെന്നൊന്നും വായനക്കാർ കരുതേണ്ടാ. ഉള്ളതു പറയുന്നതു കുഴപ്പമാണെങ്കിൽ എന്റെമേൽ 'കുറ്റക്കാരൻ' എന്ന ലേബൽ പതിച്ച് വിധി പ്രസ്താവിക്കാം. കുറ്റം വിധിക്കാനും വിധി പ്രസ്താവിക്കാനും അവകാശം ആർക്കുമുണ്ടല്ലൊ.

ഗോപന് സുമതിയുടെ വിയർപ്പിന്റെ വിലയായ പച്ചനോട്ടുകൾ പഴകാതെ വേണം; അവളെ വേണ്ട. പണത്തോട് മമതയും പണമാർജിച്ചവളോട് വെറുപ്പും. ഇത് ഇരട്ടത്താപ്പുതന്നെ. പണത്തെക്കാൾ ബന്ധങ്ങൾ പരമോന്നതമെന്ന് ബന്ധങ്ങളുടെ ലോകത്തു ചരിക്കുന്നവർക്ക് കരുതാനാവണം. ശാശ്വതമായത് പണമോ അതോ ആത്മാർത്ഥമായ മനുഷ്യബന്ധങ്ങളോ? സുമതിയുടെ അദ്ധ്വാനത്തിന്റെ ഫലമാണ് അവൾക്ക് ലഭിക്കുന്ന വേതനമെങ്കിൽ സുമതി ഗോപന് നല്കുന്ന തുകയ്ക്ക് ഗോപൻ പ്രത്യുപകാരമായി തിരിച്ചു യാതൊന്നും നൽകേണ്ടതില്ലേ? ഒരു നല്ല വാക്കെങ്കിലും... കുറഞ്ഞ പക്ഷം തന്റെ ഭാര്യയെ ഉപദ്രവിക്കാതെയെങ്കിലും ഇരുന്നുകൂടെ അയാൾക്ക്...? കൈവശം കിട്ടേണ്ട സുമതിയുടെ ശമ്പളം ഒരു ദിനം താമസിച്ചപ്പോൾ ഗോപൻ അക്ഷമനായി. സുമതിക്ക് അർഹമായ സ്നേഹം വർഷങ്ങളായി ഗോപൻ വച്ചുതാമസിപ്പിക്കുന്നതിനെക്കുറിച്ച് സുമതിക്ക് പരിഭവവും പരാതിയുമൊന്നും പാടില്ലെന്നുണ്ടോ? ഇതെന്താ അടിമക്കച്ചവടവും അനുബന്ധക്രിയകളുമോ? അതോ ഒരു താലിച്ചരടു തീർത്ത ബന്ധനമോ?

പട്ടാളച്ചേട്ടൻ പട്ടാളപ്പണിക്കൊപ്പം തുടങ്ങിയ 'കുടി' ഒട്ടൊക്കെ വർത്തമാനകാലത്തെ വിക്രിയകൾക്കും വഴിതെളിച്ചിട്ടുണ്ടാവുമെന്നു വേണം കരുതാൻ. അയാൾക്ക് മദ്യലഹരിയിൽ മയങ്ങാൻ സുമതിയുടെ അദ്ധ്വാനഫലവും കൂടിയേതീരൂ എങ്കിൽ അതനീതിയാണ്. പാവങ്ങളുടെ പക്ഷം ചേരുന്നവരെന്ന് വീമ്പിളക്കുന്ന ഭരണപക്ഷക്കാരും ഉത്തമരായ കുടിയന്മാരെ സൃഷ്ടിക്കാൻ മുക്കിനുമുക്കിന് 'വെള്ളക്കട' തുടങ്ങുന്നുണ്ടല്ലോ. ഓരോ കുപ്പിയും കാലിയാകുമ്പോൾ കുപ്പി കാലിയാക്കിയവന്റെ കുടുംബം മുഴുവൻ പിന്നെ കാലന്റെ വരവും കാത്തിരുന്നാൽ മതിയാകും. കുപ്പിയിലെ അവസാനത്തുള്ളിയും തൊണ്ടകീറി ഉള്ളിലേക്ക് ഒഴുകുമ്പോൾ പണവും ആരോഗ്യവും കുടുംബസമാധാനവും വീടിനു പുറത്തേക്കുമൊഴുകുമെന്നറിയുക. വിപ്ലവവീര്യം നെഞ്ചിലേറ്റി നടക്കുന്ന രക്തവർണ്ണക്കാർ ഇതറിയുന്നുണ്ടോ ആവോ? അമ്മ മരിച്ചവനല്ലേ അമ്മ നഷ്ടപ്പെട്ടവന്റെ വേദന അറിയൂ...



രാജേശ്വരീ... നിങ്ങൾക്കാണീ കുറിപ്പ്. സുമതിയെ കേൾക്കാൻ സഹോദരിയായോ അമ്മയായോ ഒക്കെ നിങ്ങളുള്ളത് അവൾക്ക് വലിയൊരാശ്വാസമാണ്. ഒരുപക്ഷേ, ആത്മഹത്യ ചെയ്യാതെ സുമതി ഇന്ന് ജീവിച്ചിരിക്കുന്നതിന് കാരണം നിങ്ങളാണ്. അവൾക്ക് നിങ്ങൾ ഒരു വാതായനമാണ്. അവളെത്തന്നെ തുറന്നുവയ്ക്കാൻ സഹായിക്കുന്ന സ്നേഹത്തിന്റെ വാതായനം.







*വിശുദ്ധരോടൊപ്പം*



# വിശുദ്ധം- വീരോചിതം

## വി. ഫ്രാൻസിസ് കെല്ലി ഗ്രീറ്റാർട്ട്

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

സ്നേഹമുള്ള ഫ്രാൻസിസ്...

അങ്ങയുടെ വീരോചിതമായ ജീവിതത്തെ ധ്യാനിക്കുമ്പോൾ മനസ്സിൽ തെളിയുന്നത് ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പാ വിശുദ്ധപദവിയിലേക്ക് അങ്ങയെ ഉയർത്തിയപ്പോൾ പറഞ്ഞ വാക്കുകളാണ്: "ഈശോയുടെ വിളികേട്ട് സ്വകാര്യമായ നേട്ടങ്ങളോ കണക്കു കൂട്ടലുകളോ നടത്താതെ എല്ലാം അവിടുത്തേയ്ക്കായി സമർപ്പിച്ച് ഇറങ്ങിത്തിരിച്ചവരാണ് പുതുതായി വിശുദ്ധരുടെ ഗണത്തിലേക്ക് പ്രവേശിച്ചിരിക്കുന്നത്"

അതെ, അങ്ങയെ സംബന്ധിച്ചിടത്തോളം ഏറ്റവും അന്വർത്ഥമായിരുന്നു ഈ വചനങ്ങൾ.

സ്വകാര്യ നേട്ടങ്ങൾ!!

ആധുനികതലമുറ പരക്കം പായുന്നത് അതിനുവേണ്ടിയാണല്ലോ.

വിശ്വാസസത്യങ്ങളെ മുറുകെപ്പിടിച്ച് അങ്ങ് ജീവിച്ചപ്പോൾ സഭാമക്കൾ ഇന്ന് കാറ്റിൽ പറത്തുന്നത് വിശ്വാസസത്യങ്ങളാണ്. സഭയോടും സഭാപഠനങ്ങളോടും മറുതലിച്ച് ജീവിക്കുന്ന ഒരു വിഭാഗം ഇവിടെ വളർന്നുവരികയാണ്.

അചഞ്ചലമായ വിശ്വാസവും പ്രത്യാശയും അങ്ങയുടെ ജീവിതത്തിന്റെ മുഖമുദ്രകളായിരുന്നല്ലോ.

1812 മെയ് 18 ന് സ്പെയിനിലുള്ള ഗ്രോംബെനിയിൽ പത്തുമക്കളിൽ ഒരുവനായി ജനിച്ച അങ്ങയുടെ ധന്യജീവിതത്തിലൂടെ കടന്നുപോകുമ്പോൾ വിശുദ്ധി വീരോചിതമായി ജീവിച്ച അത്ഭുതാവഹമായ വഴികളാണ് കൺമുമ്പിൽ തെളിയുന്നത്.

പിതാവ് മരണമടഞ്ഞപ്പോൾ നാലുവയസ്സുകാരനായ അങ്ങേയ്ക്കുണ്ടായ അത്യധികമായ ദുഃഖം!! എങ്കിലും അങ്ങ് ഭഗ്നാശനായില്ല.

ബാല്യത്തിൽത്തന്നെ ദൈവാഭിമുഖ്യത്തിലും വിശ്വാസത്തിലും വളർന്നുവന്ന അങ്ങ് പത്തുവയസ്സായപ്പോൾ തന്നെ സെമിനാരിപഠനം ആരംഭിച്ചുവല്ലോ.

തത്ത്വശാസ്ത്രപഠനം പൂർത്തിയാക്കിയ അങ്ങ് അങ്ങയുടെ വിളി തിരിച്ചറിഞ്ഞത് ഒരു ഡൊമിനിക്കൻ സന്ന്യാസിയാകാനായിരുന്നുവല്ലോ. 1831-ൽ പ്രഥമവ്രതവാഗ്ദാനം നടത്തുകയും തുടർന്ന് ദൈവശാസ്ത്രപഠനം ആരംഭിക്കുകയും ചെയ്തുവല്ലോ.

സഹപാഠികൾക്കെല്ലാം സുവിശേഷചൈതന്യം നിറഞ്ഞ അങ്ങയുടെ ജീവിതം എത്രയോ അനുകരണീയമായിരുന്നു.

1835 ൽ സ്പാനീഷ് ഗവൺമെന്റ് സന്ന്യാസ സമൂഹങ്ങളെ അടിച്ചമർത്തിയപ്പോൾ അനേകർ ദൈവവിളി ഉപേക്ഷിച്ചുവെങ്കിലും അങ്ങ് അത് ഉപേക്ഷിച്ചു പോയില്ലല്ലോ. അവസാനശ്വാസംവരെ ഡൊമിനിക്കൻ സന്ന്യാസിയാകാൻ ആഗ്രഹിച്ച അങ്ങ് കടുത്ത വെല്ലുവിളികളെ അതിജീവിച്ച് ആശ്രമത്തിൽ കഴിഞ്ഞുകൂടുകയായിരുന്നു.

ലോകസുഖമോഹങ്ങളെക്കാൾ അങ്ങ് ആഗ്രഹിച്ചത് സന്ന്യാസത്തിന്റെ പരുപരുത്ത ജീവിതമായിരുന്നു. കാറ്റും കോളും നിറഞ്ഞ ജീവിതസാഹചര്യങ്ങൾക്കിടയിൽ 1936 മാർച്ച് 28ന് അങ്ങ് പുരോഹിതനായി.

അങ്ങയുടെ ജീവിതം പട്ടുമെത്തയിലൂടെയല്ലായിരുന്നു. പ്രത്യുത തിരസ്കരണത്തിന്റേയും കഷ്ടപ്പാടിന്റേയും വഴികളിലൂടെ തന്നെയായിരുന്നു.

1939-ൽ ഫ്രാൻസിലുള്ള ആർസിൽ ആദ്യ വികാരിയായുള്ള നിയമനം.

യുദ്ധം പിച്ചിച്ചീന്തിയ അഭയാർത്ഥികളുടെ നാടായ ആർസിലുള്ള അങ്ങയുടെ പ്രേഷിത പ്രവർത്തനം ആരേയും അത്ഭുതപ്പെടുത്തുന്നതായിരുന്നു.



വചനം പ്രഘോഷിക്കുക അങ്ങയുടെ ജീവിതവ്രതമായിരുന്നല്ലോ. തടവറയിൽ കഴിയുന്നവരുടേയും വിശ്വാസികളുടേയും അവിശ്വാസികളുടേയും ഇടയിൽ അങ്ങ് വചനം പ്രസംഗിച്ചുവല്ലോ. വചനപ്രസംഗത്തിലൂടെ അങ്ങ് പ്രചരിപ്പിച്ച മാതൃഭക്തി ഏവരുടേയും ഹൃദയത്തിൽ ആഴത്തിൽ ചലനമുളവാക്കി.

1854-ൽ കോളറ പടർന്നുപിടിച്ചപ്പോൾ രോഗബാധിതരുടെ ഇടയിൽ കയ്യും മെയ്യും മറന്ന് പ്രവർത്തിച്ച അങ്ങയുടെ പ്രവർത്തനം അവിശ്വസനീയമായിരുന്നു.

അനേകവർഷത്തെ പ്രാർത്ഥനയുടേയും പരിചിന്തനത്തിന്റേയും ഫലമായി 1856-ൽ 'ഡൊമിനിക്കൻ സിസ്റ്റേഴ്സ് ഓഫ് ദി അനൻസിയേഷൻ ഓഫ് ദി ബ്ലെഡെഡ് വെർജിൻ മേരി' എന്ന പേരിൽ ഒരു സന്ന്യാസിനീ സഭ അങ്ങ് സ്ഥാപിച്ചുവല്ലോ.

കുഞ്ഞുങ്ങളുടെ പ്രത്യേകിച്ചും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ അങ്ങ് പ്രത്യേകം ശ്രദ്ധിച്ചു.

1869 ഡിസംബർ 2 ന് ബാഴ്സിലോനയിലെ സാല്ലെന്റ നഗരത്തിൽ സുവിശേഷ പ്രഘോഷണം നടത്തുന്നതിനിടെ കാഴ്ച നഷ്ടപ്പെട്ടിട്ടും വർഷങ്ങൾ നീണ്ട അദ്ധ്വാനം ശരീരത്തെ തളർത്തിയെങ്കിലും വിശ്രമിക്കുവാൻ അങ്ങ് തയ്യാറായില്ല.

1875 ഏപ്രിൽ 2 ന് നിത്യസമ്മാനത്തിനായി അങ്ങയെ സ്വർഗ്ഗീയപിതാവ് വിളിച്ചു.

1979 ഏപ്രിൽ 4 ന് ജോൺപോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവനായും 2009 ഒക്ടോബർ 11 ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ വിശുദ്ധനായും അങ്ങയെ പ്രഖ്യാപിച്ചു.

പ്രതിബന്ധങ്ങൾ.....വെല്ലുവിളികൾ...തിരസ്കരണങ്ങൾ.... പീഡനങ്ങൾ.... സാമൂഹികചുറ്റുപാടുകൾ മുഴുവൻ പ്രതികൂലം... ഇവയിലൊന്നും തളരാതെ സുവിശേഷം പ്രഘോഷിക്കുകയും ജീവിക്കുകയും ചെയ്ത അങ്ങയെപ്പോലെ ഈ കാലഘട്ടത്തിൽ വീരോചിതമായി വിശ്വാസം ജീവിക്കുവാൻ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം അപേക്ഷിക്കണേ.







# കാർഷിക മുന്നേറ്റത്തിന്റെ കാഹളധ്വനി

**"സത്യത്തിൽ സ്നേഹം" (Caritas in Veritate)**

**എന്ന ചാക്രികലേഖനം ആസ്പദമാക്കിയുള്ള ഒരു പഠനം.**

**ഫാ. റ്റോംസ് കളപ്പുരയ്ക്കൽ**
ചങ്ങനാശ്ശേരി

ആഗോളവത്കരണത്തിന്റെ പശ്ചാത്തലത്തിൽ കാർഷികമേഖലയുടെ പ്രാധാന്യം വളരെ അടിവരയിട്ടു പറയാൻ മാർപാപ്പ ശ്രമിക്കുന്നുണ്ട്. ഇത്തരുണത്തിൽ ആധുനിക സാങ്കേതികവിദ്യ കർഷകനു ലഭ്യമാക്കാനും അതിലൂടെയും ഉപരിവിഭവ സമാഹരണത്തിലൂടെയും വർദ്ധിതോത്പാദനത്തിലൂടെയും പുരോഗതിക്കായി യത്നിക്കാൻ സത്യത്തിൽ സ്നേഹം എന്ന രേഖ അനുശാസിക്കുന്നു.

"പ്രകൃതിയെ സംരക്ഷിക്കാനും, അതിന്റെ ഫലങ്ങൾ ആസ്വദിക്കുവാനും ലോകത്തിലെ ജനങ്ങളെ അന്തസായി അധിവസിപ്പിക്കുകയും തീറ്റിപോറ്റുകയും ചെയ്യത്തക്കവണ്ണം ഉന്നത സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി പുതിയ രീതിയിൽ കൃഷി ചെയ്യുന്നതിലൂടെ മനുഷ്യൻ പ്രകൃതിയുടെ മേൽ ഉത്തരവാദിത്വപൂർണ്ണമായ മേൽനോട്ടം ന്യായമായി നിർവഹിക്കുന്നു" (No.50).


*കേരള ക്രൈസ്തവരിൽ നല്ലൊരു പങ്കും കാർഷികമേഖലയെ പ്രത്യക്ഷമായോ പരോക്ഷമായോ ആശ്രയിക്കുന്നവരാണ്. അതിനാൽത്തന്നെ നൂതന സാങ്കേതിക വിദ്യയോട് പുറംതിരിയാൻ ക്രൈസ്തവന് ആകില്ല എന്നു സാരം.*

ജൈവ സാങ്കേതികവിദ്യയുടെ നൂതനമായ കണ്ടുപിടുത്തങ്ങൾ കാർഷികമേഖലയിൽ വളരെ ഗുണപരമായ മുന്നേറ്റങ്ങൾക്ക് ആക്കം കൂട്ടിയത് നാം അറിയുന്നു. ജനിതക സാങ്കേതിക വിദ്യയിലൂടെ ജനിതക മാറ്റം വരുത്തി ഉത്പാദനക്ഷമതയുള്ള പ്രതിരോധ ശക്തി കൂടുതലുള്ള വിത്തുകളും ഇവയ്ക്കു പുറമേ ടിഷ്യൂ കൾച്ചറിലൂടെ ആവശ്യത്തിനുതകും വിധം വിത്തുകളും ലഭ്യമായ കാലമാണിത്. അവയോട് ക്രിയാത്മകമായി പ്രതികരിക്കാൻ രേഖ അനുശാസിക്കുന്നു.

ഭാരതത്തിന്റെ സമ്പദ്വ്യവസ്ഥയിൽ പ്രത്യേകിച്ച് ക്രൈസ്തവർക്ക് വലിയ ഒരു സംഭാവന ഈ മേഖലയിലൂടെ നൽകാനാകും. കേരള ക്രൈസ്തവരിൽ നല്ലൊരു പങ്കും കാർഷികമേഖലയെ പ്രത്യക്ഷമായോ പരോക്ഷമായോ ആശ്രയിക്കുന്നവരാണ്. അതിനാൽത്തന്നെ നൂതന സാങ്കേതിക വിദ്യയോട് പുറംതിരിയാൻ ക്രൈസ്തവന് ആകില്ല എന്നു സാരം.

ഒരു കാലത്ത് നെല്ലുത്പാദന മേഖലയിൽ ക്രൈസ്തവസാന്നിദ്ധ്യം സജീവമായിരുന്നു. കായലിന് ബണ്ട് പിടിച്ച്, കൃഷിചെയ്ത് ലാഭം കൊയ്തിരുന്ന തൊഴിൽ സംരംഭകരെ ഓർക്കു

ബോൾ മുരിക്കന്റെ സംഭാവന ക്രൈസ്തവലോകത്തിനാകമാനം അഭിമാനം നൽകേണ്ടുന്ന മുന്നേറ്റമായിരുന്നു എന്ന് സ്മരിക്കാതെ വയ്യ. അദ്ദേഹം ഒരു തൊഴിൽ സംരംഭകനും തൊഴിൽ ദാതാവുമായിരുന്നു. മിച്ചഭൂമി നിയമത്തിന്റെ പിൻബലത്തോടെ സർക്കാർ അത് പിടിച്ചെടുത്തതോടുകൂടി നഷ്ടത്തിന്റെ ബാക്കിപത്രവും, കായലിന്റെ ഭാഗമായി മാറുന്ന ദയനീയമായ കാഴ്ചയ്ക്ക് നാമിന്ന് സാക്ഷ്യം വഹിക്കുന്നു. കാർഷിക മേഖലയിൽ നിന്നും നമ്മുടെ ആളുകൾ പിന്മാറുന്ന ദയനീയമായ കാഴ്ചയ്ക്ക് നാമിന്ന് സാക്ഷികളായി. മറ്റു സമുദായങ്ങൾ മുന്നേറുന്ന കാഴ്ച ഇതിന്റെ മറുവശമാണ്.



കിഴക്കൻ കുടിയേറ്റ മേഖലകളിലും വയനാട് മലബാർ മേഖലകളിലും ക്രൈസ്തവർ നടത്തിയ മുന്നേറ്റം അഭിമാനകരമാണ്. എന്നാൽ വർദ്ധിച്ചുവരുന്ന ഉത്പാദനചിലവും തൊഴിലാളികളുടെ ലഭ്യത കുറവും നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം ക്ഷണിച്ചുവരുത്തുന്നു. അല്ലാത്തപക്ഷം കൃഷി വൻ നഷ്ടക്കണക്കുകളുടെ ഗുണന പട്ടികയാകും. ഇവിടെയും നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കാനും യന്ത്രവത്കൃത കാർഷികോപകരണങ്ങളുടെ സഹായത്തോടെ കൃഷി ലാഭകരമാക്കാനും കർഷകനെ സഹായിക്കാൻ ഗവൺമെന്റിനും ബാദ്ധ്യതയുണ്ട്.

11-ാം പഞ്ചവത്സര പദ്ധതിക്ക് മുന്നോടിയായി ഡോ. സ്വാമിനാഥൻ കമ്മീഷൻ നടത്തിയ പഠനവും മഷെൽക്കാർ കമ്മിറ്റി റിപ്പോർട്ടും (Mashel- kar) ശ്രദ്ധേയമാണ്. കേരളത്തിന്റെ കാർഷിക മുന്നേറ്റത്തിൽ യന്ത്രവത്കരണത്തിന് നമ്മുടെ ആളുകൾ മുന്നേറ്റം നടത്തിയപ്പോൾ "തൊഴിൽ നഷ്ടപ്പെടും'' എന്ന മുതലകണ്ണീരു പൊഴിച്ച പാർട്ടിയെ നമുക്കു മറക്കാനാവില്ല. കൊയ്ത്തുമെതിയന്ത്രം വന്നപ്പോഴും ശാപം പോലെ അതുനമ്മെ പിൻതുടർന്നു. എങ്കിലും ഒട്ടൊക്കെ അതിന്റെ പിടിയിൽനിന്നും മോചനം നേടി എന്നത് ആശ്വാസകരമാണ്.

അന്യസംസ്ഥാനങ്ങളിൽ ധാരാളം സ്വകാര്യ ബയോടെക്നോളജി ഗവേഷണ സ്ഥാപനങ്ങൾ ഉണ്ട്. എന്നാൽ കേരളത്തിൽ പുരട്ടു രാഷ്ട്രീയത്തിന്റെ പരിണിതഫലമായി ഉള്ള സ്ഥാപനം പോലും നേരെ ചൊവ്വേ നടത്താനാവാത്ത അവസ്ഥയിലാണ്. ഈ മേഖലയിൽ സഭാമക്കൾ മുന്നോട്ടു വരേണ്ടതാണ്. സഭയുടെ നേതൃത്വത്തിൽ ഈ ദൃശ സ്ഥാപനങ്ങൾ തുടങ്ങാൻ ക്രൈസ്തവ സംരംഭകരെ ഉത്തേജിപ്പിക്കാൻ സഭാനേതൃത്വത്തിനും കടമയുണ്ട്. നമ്മുടെ ആളുകൾ ഈ മേഖലയിലേക്ക് ഗവേഷണോന്മുഖരായി കടന്നുവരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകത കൂടിയാണ് എന്ന് രേഖ അനുസ്മരിപ്പിക്കുന്നു: "കഠിനാദ്ധ്വാനത്തിലൂടെയും സർഗ്ഗാത്മകതയിലൂടെയും അന്തസായി ജീവിക്കാനുള്ള വിഭവങ്ങൾ മനുഷ്യകുടുംബത്തിനു മുഴുവൻ ഇവിടെ കണ്ടെത്താനാകണം" (No.50). അതു തന്നെയാണ് കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന സഭാമക്കളോട് വലിയ ഇടയന്റെ ഉപദേശം.







# കുടുംബവും ദൈവവിളിയും

പ്രൊഫ. അബ്രഹാം കോക്കാട്ട്
എലിക്കുളം

മനോഹരമായ ഈ പ്രപഞ്ചം സൃഷ്ടിച്ച ശേഷം ദൈവം ആദ്യമക്കളെ തന്റെ കരങ്ങളാൽ മെനെഞ്ഞെടുത്ത് പ്രഥമ കുടുംബത്തിന് അടിസ്ഥാനമിട്ടു. സ്നേഹത്തിൽ ആരംഭിക്കുകയും സ്നേഹത്തിൽ വളരുകയും ചെയ്യുന്ന ഗണമാണ് കുടുംബം. വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും കുടുംബത്തിലൂടെയാണ് കൈമാറ്റം ചെയ്യപ്പെട്ടുവരുന്നത്. സമൂഹത്തിന്റെ വിജയപരാജയങ്ങൾ കുടുംബത്തിന്റേതു തന്നെയാണ്. കുടുംബത്തിൽ വളരുന്ന ബന്ധങ്ങളാണ് സമൂഹത്തെ വളർത്തുക. കുടുംബത്തിലെ തകർച്ചകൾ സമൂഹത്തെയും തകർക്കുന്നു.

കുടുംബം സഭയുടെ ഏറ്റവും ചെറിയ ഘടകമാണ്. കുടുംബത്തെ ഗാർഹിക സഭ എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുന്നത്. സഭയിലും സമൂഹത്തിലും ലോകം മുഴുവനിലും സ്നേഹത്തിന്റെ പൊൻകിരണങ്ങൾ പിറക്കുന്നത് കുടുംബത്തിൽ നിന്നാണ്. സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനം ആണ് ഒരു ഉത്തമ കുടുംബത്തിൽ ആഘോഷിക്കപ്പെടുന്നത്. തന്റെ ഛായയിലും സാദൃശ്യത്തിലും ആണ് ദൈവം മനുഷ്യന്റെ രൂപകല്പന നിർവഹിച്ചിട്ടുള്ളത്. ജറെമിയ 1:5 ൽ ഇപ്രകാരം നാം വായിക്കുന്നു: "മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നല്കുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു". അപ്പോൾ വിശുദ്ധിയിൽ ആണ് ദൈവം നമുക്ക് ജന്മം നല്കിയിരിക്കുന്നത്. ആ വിശുദ്ധിയിൽ വളരാനും അവസാനം പരമപരിശുദ്ധനായ ദൈവത്തിൽ വിലയം പ്രാപിക്കാനുമാണ് ദൈവം നമ്മോട് ആവശ്യപ്പെടുന്നത്. വിശുദ്ധിയുടെ വഴിയിലൂടെ സഞ്ചരിക്കാൻ, ദൈവത്തിന്റെ വിളി സ്വീകരിക്കാൻ, നമ്മെ പ്രാപ്തരാക്കുന്ന പ്രാഥമിക പരിശീലന കളരിയാണ് കുടുംബം. ഇതിന് നമ്മുടെ മാതൃക ആയിരിക്കുന്നത് യൗസേപ്പ് പിതാവും പരിശുദ്ധ കന്യകാമറിയവും ഉണ്ണിഈശോയും ഉൾപ്പെട്ട തിരുകുടുംബം തന്നെയാണ്. ബാലനായ ഈശോ തന്റെ മാതാപിതാക്കളെ സ്നേഹിച്ചും ശുശ്രൂഷിച്ചും അവർക്ക് വിധേയനായി ജീവിച്ചു എന്ന് നാം വേദപുസ്തകത്തിൽ വായിക്കുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പര സ്നേഹവും സേവന സന്നദ്ധതയും എല്ലാവരും ചേർന്നുള്ള കുടുംബപ്രാർത്ഥനയും വഴി കുടുംബം ഒരു

ചെറു ദൈവാലയമാക്കാൻ നമുക്കു സാധിക്കുന്നു.

ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അധിഷ്ഠിതമായ കുടുംബത്തിൽ നിന്നാണ് ദൈവത്തിന്റെ വിളിക്ക് യോജിച്ച പ്രത്യുത്തരം നല്കാൻ സാധിക്കുക. "ഞാൻ മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾത്തന്നെ ദൈവം എന്നെ പ്രത്യേകം തെരഞ്ഞെടുത്തു. തന്റെ കൃപയാൽ അവിടുന്ന് എന്നെ വിളിച്ചു" (ഗലാ. 1:15). ഓരോ വ്യക്തിക്കും ദൈവം നല്കിയിട്ടുള്ള വിളിക്ക് അനുസൃതമായി ജീവിക്കാൻ ഉള്ള പരിശീലനം കുടുംബത്തിൽത്തന്നെ നൽകേണ്ട കടമ പ്രഥമവും പ്രധാനവുമായി മാതാപിതാക്കൾക്കാണ്. സമർപ്പിത ജീവിതത്തിന്റെയും കുടുംബജീവിതത്തിന്റെയും ഊടുംപാവും തീർക്കുന്നത് കുടുംബത്തിൽ ആണ്. ദൈവം ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു കുടുംബാന്തരീക്ഷത്തിൽ നിന്നു മാത്രമേ തന്റെ വിളിക്ക് ശരിയായ ഉത്തരമരുളാൻ നമുക്കു കഴിയൂ. ദൈവം നമ്മിൽനിന്ന് എന്ത് ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നുവോ അതാണ് ദൈവത്തിന്റെ വിളി, അഥവാ ദൈവവിളി. ദൈവത്തിന്റെ ആ വിളിക്ക് ചേർന്ന തരത്തിലുള്ള പ്രോൽസാഹനവും പരിശീലനവും കുടുംബത്തിൽ നിന്ന് ലഭിക്കണം. തങ്ങൾക്ക് ലഭിച്ച വിശ്വാസം, പ്രതീക്ഷ എന്നിവയിൽ നിന്ന് ഉയിരെടുക്കുന്ന മനുഷ്യന്റെ ജീവിതമാതൃകയിലൂടെ, ജീവിക്കുന്ന മിശിഹായെ ലോകത്തിന് വെളിപ്പെടുത്തുകയാണ് ഈ വിളി സ്വീകരിക്കുന്നതിലൂടെ നാം ചെയ്യുക. അങ്ങനെ സ്രഷ്ടാവും രക്ഷകനുമായ ദൈവത്തോടു സഹകരിക്കുകയും തന്നെ ഏല്പിച്ചിരിക്കുന്ന ദൗത്യം ഫലപ്രദമായി നിർവഹിക്കുകയും ചെയ്യുന്നു. ഏതു ജീവിതാന്തസ്സിലും, സമർപ്പിത ജീവിതമാകട്ടെ, കുടുംബജീവിതമാകട്ടെ, ദൈവത്തേയും അവിടുത്തെ സ്നേഹത്തേയും പ്രഘോഷിക്കുകയാണ് ദൈവവിളി സ്വീകരണത്തിലൂടെ സംഭവിക്കുക. പൂർണ്ണമായ വിശുദ്ധീകരണത്തിന് ദൈവത്തിന്റെ ഈ വിളിയോട് നാം ചേർന്നുനില്ക്കണം. അതിനുള്ള പരിശീലനം ആണ് കുടുംബങ്ങളിൽ നല്കേണ്ടത്. മാതാപിതാക്കൾക്ക് ഈ കാര്യത്തിൽ ഗൗരവമായ കടമയും ഉത്തരവാദിത്വവും ഉണ്ട്. ദൈവത്തോടും സകല മനുഷ്യരോടും പുലർത്തേണ്ട ഒരു സ്നേഹത്തെപ്പറ്റി ബാല്യം മുതൽ കുട്ടികളെ ഗ്രഹിപ്പിക്കാൻ കുടുംബത്തിൽ തന്നെ പരിശീലിപ്പിക്കേണ്ടതാണ്. അയൽക്കാരന്റെ ആത്മീയവും ശാരീരികവും ആയ ആവശ്യങ്ങളിൽ താല്പര്യം ജനിപ്പിക്കാൻ അവരെ ക്രമേണ അഭ്യസിപ്പിക്കണം. ഇതിന് ഏറ്റവും പറ്റിയ മാർഗ്ഗം നല്ല മാതൃകകളും ഉപദേശങ്ങളും തന്നെ.



ബാല്യത്തിൽ തന്നെ അഭ്യസിപ്പിക്കേണ്ട ഒരു സവിശേഷതയാണ് സ്വഭാവഗുണം. കുട്ടികളെ വാക്കിലും പ്രവൃത്തിയിലും സ്വഭാവഗുണമുള്ളവരായി ചെറുപ്പത്തിലേ വളർത്തണം. സ്വഭാവം വെള്ള കടലാസു പോലെയാണ്. ഒരു തുള്ളി മഷി വീണാൽ അത് ഒരിക്കലും പഴയതുപോലെ ആകുന്നില്ല. ഒരിക്കൽ ഒരു പിതാവ് തന്റെ മൂന്നുമക്കളെയും കൂട്ടി തന്റെ പുരയിടത്തിലേക്കു പോയി. അവിടെ മൂന്നു തരം ചെടികളുണ്ടായിരുന്നു.





ചെറിയ ചെടി, അല്പം വളർന്ന കുറ്റിച്ചെടി, സാമാന്യം വളർന്ന മരം. പിതാവ് ആദ്യത്തെ മകനോട് ചെറിയ ചെടി പറിച്ചു മാറ്റാൻ ആവശ്യപ്പെട്ടു. അവൻ നിഷ്പ്രയാസം അത് പറിച്ചെടുത്തു. രണ്ടാമത്തെ മകനോട് അല്പം വളർന്ന കുറ്റിച്ചെടി പിഴുതുമാറ്റാൻ ആവശ്യപ്പെട്ടു. അല്പം പ്രയാസപ്പെട്ടാണെങ്കിലും കൂടുതൽ ബലം പ്രയോഗിച്ച് അതും പിഴുതുമാറ്റി. മൂന്നാമത്തെ മകനോട് ചെറിയ മരം പറിച്ചുമാറ്റാൻ ആവശ്യപ്പെട്ടു. അവന് അത് സാധിച്ചില്ല. അവൻ തന്റെ സഹോദരന്മാരുടെ സഹായം തേടി. പക്ഷേ അവർ അതിൽ വിജയിച്ചില്ല. ആ നല്ല പിതാവ് മക്കളോട് ഉപദേശരൂപേണ പറഞ്ഞു, കുഞ്ഞുങ്ങളേ, നമ്മുടെ ദുഃശീലങ്ങൾ വേരെടുക്കുന്ന സമയത്ത് അവയെ വളരെ എളുപ്പത്തിൽ നമ്മിൽ നിന്നും നീക്കാൻ സാധിക്കും. പക്ഷേ പൂർണ്ണവളർച്ച എത്തിക്കഴിഞ്ഞാൽ അവയെ പിഴുതുകളയുക അസാധ്യമാണ്. തങ്ങളുടെ മക്കൾക്ക് എളുപ്പത്തിൽ മനസ്സിലാകത്തക്ക തരത്തിൽ ലളിതമായ ഭാഷയിൽ, മക്കൾ എങ്ങനെ സ്വഭാവശുദ്ധിയുള്ളവരും, വിശിഷ്ട വ്യക്തിത്വത്തിന്റെ ഉടമകളും ആകാം എന്ന് നല്ല പിതാവ് ഈ ഉദാഹരണത്തിലൂടെ മക്കളെ പഠിപ്പിക്കുന്നു. പലതരത്തിലുള്ള ഇത്തരം ഉപദേശങ്ങൾ മക്കൾക്ക് നൽകണം. അങ്ങനെ ഭാവിയിൽ വിശുദ്ധിയിലൂടെ ചരിക്കാൻ അവർക്ക് സാധിക്കുന്നു. മാതാപിതാക്കളുടെ പ്രാർത്ഥനാ ജീവിതവും പരസ്നേഹപ്രവൃത്തികളും കണ്ട് കുഞ്ഞുങ്ങൾ വളരുമ്പോൾ അവർ ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളായിത്തീരുകയും ദൈവം ആഗ്രഹിക്കുന്ന തരത്തിലുള്ള ഒരു വിശുദ്ധജീവിതം നയിക്കാൻ ഇടവരുകയും ചെയ്യുന്നു. അങ്ങനെ കുടുംബവും കുടുംബജീവിതവും മക്കളുടെ ജീവിതാന്തസ്സുകൾ തെരെഞ്ഞെടുക്കാനും വിളിയെ സ്വീകരിക്കാനുമുള്ള ഇടം ആയിത്തീരണം.



പൗരോഹിത്യത്തിന്റെയും സമർപ്പിത ജീവിതത്തിന്റെയും കുടുംബജീവിതത്തിന്റെയും പടികൾ നടന്നു കയറുന്നവരുടെ വിശുദ്ധ ജീവിതത്തിന് ഒരവശ്യഘടകമാണ് നമ്മുടെ പ്രാർത്ഥന. നമ്മെ ഭരമേൽപിച്ചിരിക്കുന്നവരെ വിശുദ്ധിയുടെ മാർഗ്ഗത്തിലേക്ക് നയിക്കുന്നതിന്, അതിന് അവരെ പ്രാപ്തരാക്കുന്നതിന് നമ്മുടെ പ്രാർത്ഥന കൂടിയേ തീരു.

കുടുംബത്തിലുള്ളവർക്കും വിവിധ ജീവിതാന്തസ്സുകളിൽ പ്രവേശിച്ചവർക്കും വേണ്ടി നിരന്തരമായ പ്രാർത്ഥനയും പരിത്യാഗങ്ങളും അനുഷ്ഠിച്ച് അവർക്ക് ശക്തിയേകാൻ നമുക്ക് യത്നിക്കാം.

പൗരോഹിത്യത്തിന്റെയും സമർപ്പിത ജീവിതത്തിന്റെയും കുടുംബജീവിതത്തിന്റെയും പടികൾ നടന്നു കയറുന്നവരുടെ വിശുദ്ധ ജീവിതത്തിന് ഒരവശ്യഘടകമാണ് നമ്മുടെ പ്രാർത്ഥന.



# ജന്മസാഫല്യം

അനിത ആത്രശേരിയിൽ

ശ്ലീഹരുമഖില പ്രവാചകരൊന്നായ് പണിയപ്പെട്ടോരു സഭയാം ഗാത്രം
നിൻമഹിമാവുകളുദ്ഘോഷിക്കാൻ നിർമ്മല വധുവായലംകൃതമാക്കി
ഉത്തമ സന്താനങ്ങളൊടൊത്തൊരനശ്വര ജീവൻ പ്രാപിക്കാനായ്
വിശ്വാസത്താൽ വിശ്രുതമാക്കാനിടനൽകുന്നൊരു കൂദാശകളും

വിജ്ഞാനത്തിനുന്നതശ്രേണി വിളക്കുതെളിക്കും വചനപ്പൊരുളും
തിരുനിണഗാത്രമതേകി മാനവ-പാപമകറ്റി വിശുദ്ധി പകർന്നു
മാനവനുന്നത മന്നവനാകാനരുളി കൃപതൻ നീരുറവുകളും
ഈദൃശമഹിമകളളവില്ലാതെ നിൻതിരു സ്ലീവയൊഴുക്കീടുന്നു

ആത്മബലം നിന്നാശിസ്സായി ആർദ്രത മാനസരാശ്ലേഷിപ്പൂ
സഭതൻ നല്ലൊരടിസ്ഥാനത്തിൽ അംഗഗണമഖിലവുമൊരുമയൊടെന്നും
സദ്ഫലമണിയാനൊപ്പം നിന്നുടെ ഉത്തമസാക്ഷികളായീടാനും
പ്രഭവിതറുന്നൊരു സ്ലീവായെന്നും ഉത്ഥിതനീശോയെന്നറിവോടെ

പ്രണമിക്കാനും വാഗ്ദാനംപോൽ രക്ഷ നുകർന്നിവർ നിന്നൊടുചേരാൻ
വിശ്വസ്തതയാൽ ശക്തിധരിക്കാനാത്മാവിൽ ഫലമെന്നും നിറയാൻ
വിശ്വാസത്തിന്നാഴമതേകി നിന്നിൽചരിക്കാനിടനൽകണമേ
അനുതാപത്തിൻ ചൈതന്യത്താൽ തിരുഹിതമാരാഞ്ഞത് നിറവേറ്റാൻ

അക്ഷയ ഫലമൊന്നാലെ തരുനിര അണിയിച്ചവ നിന്നാലയമാക്കാൻ
ദുർബലമെന്നുടെ വിശ്വാസത്തെ കായ്കനിചൂടാനർപ്പിക്കുന്നു.
നിത്യമഹത്ത്വ കിരീടമണിഞ്ഞിവർ പൂർവ്വ പിതാക്കളൊടൊപ്പം സവിധേ
വന്നണിചേരാൻ കാരുണ്യത്തിൻ കൈവല്യം ഞാൻ കാത്തുകഴിപ്പൂ







# മറയപ്പെടാത്ത യുവത്വം

സുജ ചോതിരക്കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

മനുഷ്യജീവിതത്തിൽ ശിശുത്വവും യുവത്വവും വാർദ്ധക്യവും നമ്മെ പടിപടിയായ് പിടികൂടുംപോലെതന്നെ ആദ്ധ്യാത്മിക ജീവിതത്തിലും ഈ പടികൾ നാം കടന്നേ തീരൂ. ഏതൊരു വളർച്ചയ്ക്കും അതിന്റേതായ രൂപീകരണപ്രക്രിയ ഉണ്ട് എന്നതുപോലെ ആദ്ധ്യാത്മിക ജീവിതത്തിനും ഒരു രൂപീകരണ പ്രക്രിയ ഉണ്ട്. അതിൽ ഏറ്റവുംപ്രാധാന്യം അർഹിക്കുന്ന ഒന്നാണ് മനസ്സിന്റെ രൂപീകരണം. യുവത്വത്തിൽ എല്ലാ ആത്മാക്കൾക്കും നല്ല തീക്ഷ്ണതയുണ്ട്. എന്തിനേയും ധീരതയോടും ഉത്സാഹത്തോടും കൂടെ തരണംചെയ്യും. എന്നാൽ കാലം കഴിയുംതോറും ഈ തീക്ഷ്ണതയ്ക്കു മങ്ങലേല്ക്കും. ഉത്സാഹം പാടേ ഇല്ലാതാകും. അതിനാൽ യുവത്വത്തിലുള്ള നമ്മുടെ തീക്ഷ്ണതയിൽതന്നെ വാർദ്ധക്യത്തിലേക്ക് നാം ഒരുങ്ങേണ്ടിയിരിക്കുന്നു. പല നല്ല തഴക്കങ്ങളും ബുദ്ധിമുട്ടേറിയതായാലും യുവത്വത്തിലേ നാം തഴങ്ങണം. അതുകൊണ്ട് യുവത്വത്തിന്റെ തീക്ഷ്ണതയ്ക്ക് മങ്ങലേല്ക്കാവുന്ന സാഹചര്യങ്ങളിൽ നമ്മെ നയിക്കേണ്ടത് നല്ല മനസ്സിന്റെ രൂപീകരണമായിരിക്കണം. നിരന്തരമായതും സമരസപ്പെടുത്തിയതുമായ ഒരു ആദ്ധ്യാത്മിക ജീവിതത്തിന്റെ വളർച്ചയ്ക്ക് ഒരു പ്രോഗ്രാം-പദ്ധതി ഉണ്ടായിരിക്കുകയെന്നത് അത്യന്താപേക്ഷിതമാണ്.

### പ്രോഗ്രാം

മനസ്സിന്റെ രൂപീകരണത്തിന് അവശ്യം വേണ്ട ഘടകം ഒരു പ്രോഗ്രാം ഉണ്ടായിരിക്കുക എന്നതാണ്. എല്ലാ മനുഷ്യർക്കും അവനവന്റെ ജീവിതത്തിന് ഒരു പദ്ധതിയുണ്ട് എന്നതുപോലെതന്നെ ആദ്ധ്യാത്മിക ജീവിതത്തിലും ഓരോ വ്യക്തിക്കും ഓരോ സമൂഹത്തിനും ഓരോ പദ്ധതി ഉണ്ടായിരിക്കണം.

### ചിട്ടയോടുകൂടിയ ജീവിതരീതി

എല്ലാം വെറും പതിവുകളായി തീരുന്നത് നല്ലതല്ല-അത് നമ്മെ ഉത്തരവാദിത്വബോധത്തിൽ വളർത്താൻ സഹായിക്കുകയില്ല എന്നൊക്കെ പറഞ്ഞ് ഓരോ കാര്യങ്ങളും കൃത്യസമയത്ത് കൃത്യമായി ചെയ്യുവാൻ വിമുഖത കാട്ടുന്ന ഒരു നിലപാട് വളർന്നുവരുവാൻ ഇടയുണ്ട്. ഓരോന്നിനും സമയനിഷ്ഠയുള്ളത്

നല്ലതാണ്. നല്ലതായ ഒരു പ്രവൃത്തി പതിവാക്കുക എന്നത് തെറ്റായ ഒരുകാര്യമല്ല. ഉദാഹരണത്തിന് എല്ലാ ദിവസവും രാവിലെതന്നെ നാം കുളിച്ചു വൃത്തിയാകുന്നു. അതുപോലെ ദിവസത്തിൽ മൂന്നു പ്രത്യേകസമയങ്ങളിൽ ഭക്ഷണം കഴിക്കുന്നു. ഇവയെല്ലാം നമ്മുടെ ശാരീരികാരോഗ്യത്തിന് ആവശ്യമായതാണ്. ഇതുപോലെയുള്ള ശാരീരിക ആവശ്യങ്ങൾ പോലെതന്നെ ആദ്ധ്യാത്മിക ആവശ്യങ്ങളും ഉണ്ട്. ആരോഗ്യകരമായ ആദ്ധ്യാത്മിക ജീവിതം പടുത്തുയർത്തുന്നതിന് ചില ചിട്ടകളും ക്രമങ്ങളും ഉണ്ടായിരിക്കണം. ചെറിയ ചെറിയ കാര്യങ്ങൾ കൃത്യനിഷ്ഠയോടെ, വിശ്വസ്തതയോടെ ചെയ്യുന്നത് മനഃശക്തി വളരുന്നതിന് സഹായകമാണ്. കൃത്യസമയത്ത് കിടക്കുക, എഴുന്നേൽക്കുക എന്നൊക്കെ പറയുന്നത് എളുപ്പമല്ല. ത്യാഗം ഉൾക്കൊള്ളുന്ന ഒന്നാണ്. ഇതുപോലെയുള്ള ചിട്ടകൾ അഭ്യസിക്കുവാൻ ശ്രമിക്കുന്നതിലൂടെ മനസ്സിന്റെ രൂപീകരണംതന്നെയാണ് നടക്കുന്നത്. എനിക്ക് തോന്നാത്തപ്പോഴും ചിലതൊക്കെ ചെയ്യുവാൻ, കൃത്യനിഷ്ഠ പാലിക്കുവാൻ ശ്രമിക്കുന്നതിലൂടെ അത് ചെയ്യാൻ ഞാൻ നിർബന്ധിതയാകുന്നു.




**വിശ്വസ്തത**

ഇന്ന് ഏറ്റവും അധികം എതിർവാദങ്ങൾ ഉയർത്തുന്ന ഒരു വിഷയമാണിത്. അതിനു കാരണം ലോകത്തിന് ഈ പുണ്യത്തിൽ ജീവിക്കുന്നതിനുള്ള കഴിവുകേട് അനുഭവപ്പെടുന്നു എന്നതാണ്. പഴയനിയമത്തിൽ ദൈവവുമായിട്ടുള്ള ഉടമ്പടിയോട് വിശ്വസ്തരായി ജീവിക്കുവാൻ സാധിക്കാത്ത ഇസ്രായേലിന്റെ ദുരന്തത്തെയും അവിശ്വസ്തത കാട്ടിയതിന്റെ പേരിൽ പ്രവാചകന്മാർ അവരെ ശാസിക്കുന്നതായും നാം വായിക്കുന്നുണ്ട്. മനുഷ്യന് വിശ്വസ്തനായിരിക്കാൻ പറ്റാത്ത അവസ്ഥ പുതിയ നിയമത്തിലും പ്രതിപാദിക്കുന്നുണ്ട്. ഓരോ ദിവസവും മുമ്പോട്ടുപോകുന്തോറും ഇന്നിന്റെ മനുഷ്യന്റെ സ്ഥിതിയും മറ്റൊന്നല്ല. വിശ്വസ്തനായിരിക്കാൻ കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഫലമോ? വിവാഹമോചനം, സമർപ്പിത, പൗരോഹിത്യ ജീവിതം ഉപേക്ഷിച്ചുപോകൽ, ഇവയെല്ലാം സർവ്വസാധാരണമായി തീർന്നിരിക്കുന്നു. സ്വാഭാവികവും അതിസ്വാഭാവികവുമായ തലത്തിൽ മനുഷ്യന് വിശ്വസ്തനായിരിക്കുവാൻ സാധിക്കുമെന്ന് ഇന്നത്തെ ലോകത്തോട് നാം ഉറക്കെ ഉദ്ഘോഷിക്കണം.

സ്വാഭാവികതലത്തിൽ, മനുഷ്യനിലെ വികാരതീവ്രത എന്നത് അതിൽത്തന്നെ മാനുഷികപ്രകൃതിയുടെ ആഴത്തിൽ വേരൂന്നിയതാണ്. ഒരുകണക്കിൽ പറഞ്ഞാൽ മനുഷ്യനിലെ നൈസർഗ്ഗിക വാസനകൾ, വികാരങ്ങൾ അവനിൽതന്നെ ആഴത്തിൽ അന്തർലീനമാണ്. അത് ഒരുവനിൽനിന്നും മാറുകയെന്നത് എളുപ്പമല്ല. മരണംവരെ അവനിൽ ഉൾച്ചേർന്നിരിക്കുന്ന ഒരു യാഥാർത്ഥ്യമാണിത്. ചിലരിൽ വിശ്വസ്തരായിരിക്കാനുള്ള കഴിവ് അവനോടുകൂടി ജനിച്ച് അവനിൽ വളരുന്നു. മുന്നോട്ടുപോകുംതോറും സ്നേഹബന്ധങ്ങളിലും വൈകാരിക, മാനസിക തലങ്ങളിലുമെല്ലാം അവൻ എത്രമാത്രം ഉൾച്ചേരുന്നുവോ അത്രമാത്രം വിശ്വസ്തതയുടെ ആവശ്യവും ഉയിർകൊള്ളുന്നു. ജീവിതത്തിൽ അവിശ്വസ്തത കടന്നകൂടുന്നു എങ്കിൽ അതിനുള്ള







കാരണം മറ്റു പലതുമാണ്. അല്ലാതെ വിശ്വസ്തരായിരിക്കാനുള്ള കഴിവ് അവനിൽ ഇല്ലാഞ്ഞിട്ടല്ല.


അതിസ്വാഭാവികതലത്തിൽ നോക്കിയാലോ എത്രമാത്രം ദൈവത്തെ സ്നേഹിക്കുകയും അവിടുന്നുമായി ബന്ധപ്പെടുകയും അവിടുത്തെ അറിയുകയും ചെയ്യുന്നുവോ അത്രമാത്രം നമ്മുടെ ഉള്ളിൽ സ്നേഹിക്കുന്നതിനും വിശ്വസ്തരായിരിക്കുന്നതിനുമുള്ള ചൈതന്യം അവിടുന്നു നിറയ്ക്കും. ചില കൂദാശകൾ നമ്മിൽ മായാത്ത മുദ്രപതിപ്പിച്ച് വിശ്വസ്തരായിരിക്കുവാനുള്ള കൃപാവരം തരുന്നു. ദൈവസ്നേഹമാകുന്ന ഈ വൈദ്യുതിപ്രവാഹത്തെ തടസ്സപ്പെടുത്തുന്ന എന്തെങ്കിലും സംഭവിച്ചാൽ അവിടെ അവിശ്വസ്തത കടന്നുകൂടുന്നു. ഇതിൽനിന്നെല്ലാം സ്വാഭാവികതലത്തിലും അതിസ്വാഭാവികതലത്തിലും വിശ്വസ്തരായിരിക്കാൻ മനുഷ്യന് കഴിവില്ലാഞ്ഞിട്ടല്ല അവിശ്വസ്തത കടന്നകൂടുന്നത് എന്ന് വ്യക്തമാകുന്നു. മനുഷ്യനിലെ സ്വാർത്ഥതയുടെയും സുഖലോലുപതയുടെയും മറ്റും തള്ളലാണ് പലപ്പോഴും വിശ്വസ്തതയ്ക്ക് ഭംഗം വരുത്തുന്നത്.

**പുനഃരാരംഭിക്കുന്നതിനുള്ള മനഃസാന്നിദ്ധ്യം**

നിരവധി ചവിട്ടുപടികൾക്ക് മുകളിൽ നില്ക്കുന്ന അമ്മയുടെ അടുത്തെത്തുവാൻ വേണ്ടി ചവിട്ടുപടികൾക്കു താഴെ നിൽക്കുന്ന ഒരു കൊച്ചുകുഞ്ഞിന്റെ ചിത്രമാണ് ഇതിന് വി. കൊച്ചുത്രേസ്യാ നമ്മെ വരച്ചുകാട്ടുന്നത്. അമ്മ മുകളിൽനിന്നു കുഞ്ഞിനെ വിളിക്കുന്നു. കുഞ്ഞ് സർവ്വകഴിവും ഉപയോഗിച്ച് ചവിട്ടുപടികൾ ഓരോന്നായി നീന്തി ചവിട്ടിക്കയറുവാൻ ശ്രമിക്കുന്നു. പല പ്രാവശ്യം ആവർത്തിച്ചാവർത്തിച്ച് ചവിട്ടുപടികൾ കയറുംതോറും ഒരു പടികയറിക്കഴിയുമ്പോൾ രണ്ടുപടി താഴോട്ടു കുഴഞ്ഞു വീഴുന്നു. എങ്കിലും കൈകൾ രണ്ടും നീട്ടി അവൻ തന്റെ അമ്മയുടെ അടുക്കൽ എത്താൻ ശ്രമിക്കുകയാണ്. എത്ര പ്രാവശ്യം വീണാലും പരിശ്രമം നിർത്തിവയ്ക്കുന്ന പ്രശ്നമേയില്ല. ഒരമ്മയ്ക്കു തന്റെ കുഞ്ഞിന്റെ പരിശ്രമത്തെ എത്ര നേരം നോക്കിനിൽക്കാനാവും? അവളുടെ മനസ്സലിഞ്ഞ് പടികൾ ഇറങ്ങിവന്ന് കുഞ്ഞിനെ കോരിയെടുത്ത് തന്റെ മാറോടു ചേർത്തുപിടിച്ച് എടുത്തുകൊണ്ടുപോകുന്നു. ഇതുപോലെയാണ് നമ്മുടെ വീണ്ടും വീണ്ടുമുള്ള പരിശ്രമജീവിതത്തിൽ ദൈവത്തിനു നമ്മോടുള്ള മനോഭാവവും. നാമെല്ലാവരും ആദ്ധ്യാത്മിക ശിശുക്കളാണ്. ദൈവത്തിന്റെ മുമ്പിൽ നാം അവിടുത്തെ പിഞ്ചുകുഞ്ഞുങ്ങളാണ്. ദൈവത്തിന്റെ കരവലയത്തിൽ അമരുവാൻ, അവിടുത്തെ പക്കൽ എത്തിച്ചേരുവാൻ നാം ഈലോക ജീവിതത്തിലെ ചവിട്ടുപടികളെ ഓരോന്നായി ചവിട്ടിക്കയറാൻ പരിശ്രമിക്കണം. ഈ പരിശ്രമം വിജയിക്കാതെ, ഈലോകയാഥാർത്ഥ്യങ്ങൾ നമ്മെ ചുറ്റിപ്പിണഞ്ഞ് ചവിട്ടുപടികൾ നമുക്കു തനിച്ചു കയറുവാൻ പറ്റാതെ വന്നേക്കാം. അപ്പോഴൊക്കെ പരിശ്രമം നിറുത്തിവയ്ക്കാതെ ആദ്യം മുതൽ ആരംഭിക്കുന്നതിന് മനസ്സായാൽ മതി. ദൈവം നമ്മുടെ ഈ പരിശ്രമത്തിന്റെ ജീവിതത്തിൽ മാനവവംശത്തിന്റെ ചവിട്ടുപടികൾ ഇറങ്ങി നമ്മിലേക്കുവന്ന് നമ്മെ കൂട്ടിക്കൊണ്ടുപോകും. നമ്മുടെ ഈ നിരന്തര പരിശ്രമം ദൈവത്തിന്റെ നേർക്കുള്ള നമ്മുടെ അതിരറ്റ സ്നേഹത്തേയും അവിടുത്തെ പക്കലെത്താനുള്ള അതിയായ അഭിലാഷത്തേയും അതോടൊപ്പം നമ്മുടെ മനഃശക്തിയേയുമാണ് പ്രകടമാക്കുന്നത്. അതുകൊണ്ട് മടുപ്പുകൂടാതെ വീണ്ടും ആദ്യംമുതൽ തുടങ്ങുക.

## പ്രാർത്ഥന

പ്രാർത്ഥന മനസ്സിന്റെ രൂപീകരണത്തിനു സഹായകമായ ഒരു ഘടകമാണ്. നമ്മുടെ ആദ്ധ്യാത്മിക യാത്രയെ ഒരു കലപ്പയോടുപമിക്കാം. പണ്ടുകാലങ്ങളിൽ സ്ഥലം ഉഴുതു മറിക്കുന്നതിന് ട്രാക്ടർ ഇല്ലാതിരുന്നതിനാൽ രണ്ടുകാളകളെ ഉപയോഗിച്ചാണ് നിലംഉഴുതിരുന്നത്. ഇതുപോലെ നമ്മുടെ ആദ്ധ്യാത്മികജീവിതത്തിലും രണ്ടു കാളകൾവേണം. ഒരു കാള നാമും മറ്റേത് ദൈവവുമാണ്. നമ്മുടെ ജീവിതമാകുന്ന കലപ്പമേൽ ഇവർ രണ്ടുപേരെയും രണ്ടുവശങ്ങളിലായി കെട്ടിയിരിക്കണം. ദൈവം നാം വലിക്കേണ്ട കലപ്പയുടെ ഒരുവശത്ത് സന്നിഹിതനാണെങ്കിലും എപ്പോഴും ഉണ്ടായിരിക്കണമെന്ന് നാം ആഗ്രഹിച്ച് പ്രാർത്ഥനയിലൂടെ ദൈവസാന്നിധ്യത്തെ ഉണർത്തിക്കൊണ്ടിരിക്കണം. നമ്മുടെ ഓരോ പ്രവർത്തനങ്ങളിലും അവിടുത്തെ സാന്നിധ്യം നാം അപേക്ഷിക്കണം. അങ്ങനെ ഒരു വശത്ത് നമ്മുടെ പ്രാർത്ഥനയും അപേക്ഷയും മറുവശത്ത് അതിലൂടെ നാം അനുഭവിക്കുന്ന ദൈവത്തിന്റെ ശക്തിയേറിയ സാന്നിധ്യവുമാണ് നമ്മുടെ ആദ്ധ്യാത്മിക ജീവിതകലപ്പമേൽ ഉണ്ടായിരിക്കേണ്ടത്. സങ്കീർത്തകൻ പറയുന്നതുപോലെ "കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ്". മനസ്സിന്റെ രൂപീകരണത്തിന്, ആദ്ധ്യാത്മിക ജീവിതത്തിന് ദൈവം നമ്മോടുകൂടി സ്ഥിരമായി ഉണ്ടായിരിക്കണം. നമ്മുടെ പ്രാർത്ഥനയിലൂടെ അവിടുത്തെ സാന്നിധ്യം നാം ഉറപ്പുവരുത്തണം.



കാലം മുമ്പോട്ടുപോകുന്തോറും, നാം പ്രായത്തിൽ വളരുംതോറും നമ്മുടെ ദൗർബല്യവും നമ്മിൽ ശക്തി പ്രാപിക്കും എന്നത് നാം വിസ്മരിക്കരുത്. നമ്മുടെ പ്രതിസന്ധികളിൽ നമ്മുടെ പ്രവണതകളെയും പ്രലോഭനങ്ങളെയും കുറിച്ച് അവബോധം ഉൾക്കൊണ്ടുകൊണ്ട് ആഴമേറിയ ഹൃദയം തുറന്നു പ്രാർത്ഥനാജീവിതത്തിലൂടെ ദൈവവുമായി കൂടുതൽ അടുത്ത ബന്ധം പുലർത്തി നല്ല മനഃശക്തിയോടെ, ത്യാഗാരൂപിയോടെ ജീവിതത്തെ നേരിട്ടാൽ എല്ലാം നന്മയായി, നമ്മെ വളർത്തുന്ന അവസരങ്ങളായി പ്രതിസന്ധികൾ തീരും.

ഇനിയും മനസ്സിന്റെ രൂപീകരണത്തിലെ മറ്റൊരു പ്രധാനപ്പെട്ട ഘടകം നാം ചെയ്യുന്ന ഓരോ പ്രവൃത്തിയുടെയും പിന്നിലുള്ള ഉത്തേജക ഘടകത്തിന്റെ (ആന്തരോദ്ദേശ്യത്തിന്റെ) രൂപീകരണമാണ്. ഒരു കാലത്ത് പതിവുകൾ പലപ്പോഴും ജീവിതഭാഗമായിത്തീർന്ന് ജീവിതത്തെ ക്രമപ്പെടുത്തുന്നു എന്ന ചിന്തയായിരുന്നു. ഉദാഹരണത്തിന് ഹോസ്റ്റലിൽ നിന്നു പഠിക്കുന്ന യുവതിയോ യുവാവോ ഹോസ്റ്റലിലെ ക്രമമനുസരിച്ച് എന്നും പതിവായി ദിവ്യബലിയിൽ പങ്കെടുക്കണം എന്നതായിരുന്നു നിയമം. ഹോസ്റ്റൽ ജീവിതം കഴിഞ്ഞാൽ പിന്നെ ഈ വ്യക്തികൾ ഞായറാഴ്ചപോലും പള്ളിയിൽ പോകാൻ മടിക്കുന്നു. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇവിടെ പതിവായി ചെയ്യുന്ന കാര്യത്തിന് പ്രേരകകാരണം ഇല്ല എന്നതുതന്നെ. ഹോസ്റ്റലിൽ നിൽക്കുമ്പോൾ അതു ചെയ്യാതിരിക്കാൻ പറ്റില്ലായിരുന്നു. അതുകൊണ്ട് അതു ചെയ്തു. മറ്റൊരു ആന്തരോദേശ്യവും ഇല്ലാതപോയി. അതുകൊണ്ട് പതിവുകളിൽ നിന്നു മാത്രം നിലനില്പുണ്ടാവുകയില്ല. നാം എന്തുകൊണ്ടാണ് ഓരോന്നും ചെയ്യാത്തത്, ചെയ്യാൻ പറ്റാത്തത്! എന്നതിലൊക്കെ നല്ല ഉറച്ച ബോദ്ധ്യം ഉണ്ടായിരിക്കണം. മനസ്സിന്റെ രൂപീകരണത്തിൽ ഇതിന് പ്രധാന പങ്കുണ്ട്.

മനസ്സിന്റെ രൂപീകരണത്തിലെ അവസാനഘടകം സാക്ഷ്യമാണ്. നല്ല മാതൃക വലിയ ശക്തിയാണ്. വി. അഗസ്തീനോസിനെ മാനസാന്തരപ്പെടുത്താൻ പ്രേരകമായ ചിന്ത! അവനും അവൾക്കും വിശുദ്ധനായിത്തീരാമെങ്കിൽ എന്തുകൊണ്ട് എനിക്കായിക്കൂടാ! എന്നതായിരുന്നു. മറ്റുള്ളവരുടെ നല്ലതായ ജീവിതസാക്ഷ്യം നമ്മേയും അതിനായി പ്രേരിപ്പിക്കുന്ന ദൈവകൃപയുടെ ഉപകരണങ്ങളാണ്.





വിശുദ്ധിയുടെ മുത്തുകൾക്ക്...

# ആരാണ്... കണ്ടെത്താം?

ഷിജി പറപ്പള്ളിയാത്ത്

- കർത്താവിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്ന ബാലൻ.
- ഷീലോയിൽവച്ച് കർത്താവ് അവന് ദർശനം നൽകിയിട്ടുണ്ട്.
- സൂഫിന്റെ ദേശത്തെ പ്രശസ്തനായ ഒരു ദൈവപുരുഷൻ.
- സാവൂളിനെയും ദാവീദിനെയും രാജാവായി വാഴിച്ചവൻ.
- ന്യായാധിപന്മാരുടെ നിരയിൽ ഏറ്റവും അവസാനത്തേതും പ്രവാചകന്മാരുടെ നിരയിൽ ആദ്യത്തേതുമായി തിളങ്ങി നിൽക്കുന്ന താരം.
- "ദൈവത്തിന്റെ നാമം" എന്നാണ് അവന്റെ പേരിനർത്ഥം.
- "അരുളിച്ചെയ്താലും, ദാസനിതാ ശ്രവിക്കുന്നു" ബാല്യത്തിലേ അവനിൽ ശ്രവണമനോഭാവം കണ്ടെത്താം.
- പുരോഹിതനായ ഏലിയുടെ അരുമ ശിഷ്യൻ.
- എല്ക്കാനയുടെയും ഭാര്യ ഹന്നായുടെയും മകനായി അവൻ ജനിച്ചു.
- ബൈബിളിൽ ൧-ാമത്തെ പുസ്തകത്തിൽ ആദ്യഭാഗത്ത് ഈ പ്രവാചകനെ കണ്ടെത്താം.

(ആരാണെന്നറിയേണ്ടേ? 28-ാം പേജ് കാണുക).

# "ശവപ്പെട്ടിയും" "വിഡ്ഢിപ്പെട്ടിയും"

**എം.സി. ഇൽഡെഫോൺസ്**
**സോഷ്യൽ ആനിമേറ്റർ**

മനുഷ്യനുൾപ്പെടെ ജീവജാലങ്ങളെല്ലാംതന്നെ ജനിക്കുന്നു, വളരുന്നു, വംശവർദ്ധന നടത്തുന്നു, നശിക്കുന്നു. ഇതു പ്രകൃതി നിയമം. ഇതിൽ മനുഷ്യനുമാത്രം ഒരു പ്രത്യേകതയുണ്ട്. അവന് ദൃശ്യമായ ഒരു ശരീരവും അദൃശ്യമായ ഒരാത്മാവുമുണ്ട്. ഈ സത്യം എല്ലാ മതങ്ങളും തത്ത്വചിന്തകളും ശരിവയ്ക്കുന്നു. എന്നാൽ നിരീശ്വര-യുക്തിവാദികളും ചില രാഷ്ട്രീയ പാർട്ടികളും ഇതു നിഷേധിക്കുന്നു. തുഛമായൊരു ന്യൂനപക്ഷം ഒഴികെയുള്ള ജാതി-മത വിശ്വാസികളായ ജനാവലി മുഴുവൻതന്നെ ഈശ്വരനിൽ, ദൈവികചൈതന്യത്തിൽ അടിയുറച്ചുവിശ്വസിക്കുന്നു. ഈ ലോകത്ത് തന്റെ ചുറ്റുമുള്ള സഹോദരങ്ങളെ സ്നേഹിച്ച്, ശുശ്രൂഷിച്ച് അവരിൽ ദൈവമുഖം ദർശിക്കുവാനും ദൈവത്തിൽ മനുഷ്യമുഖം കാണുവാനും അവർ ശ്രമിക്കുന്നു. നിരീശ്വര-യുക്തിവാദികളാവട്ടെ ദൈവത്തേയും ദൈവവിശ്വാസികളേയും ഉന്മൂലനം ചെയ്യുവാനുള്ള വിഫല ശ്രമത്തിലാണ്. നന്മയും തിന്മയും തിരിച്ചറിയാതെ എല്ലാവിധ നശീകരണ വിധ്വംസക പ്രവർത്തനങ്ങളും കൊള്ളയും കൊള്ളിവയ്പും കൊലയും നടത്തി താണ്ഡവമാടുന്നു. എന്നാൽ ദൈവവിശ്വാസികളാവട്ടെ സ്നേഹം വിതച്ച് സമാധാനം വളർത്താൻ ശ്രമിക്കുന്നു. ആത്മാക്കൾക്കായി ദാഹിക്കുന്ന ഒരു ദൈവമുണ്ടെന്ന് അവർ വിശ്വസിക്കുന്നു; അതിനായി പ്രവർത്തിക്കുന്നു. പക്ഷേ, ഈശ്വരവിശ്വാസികളിൽ പലരും സ്വാർത്ഥമതികളും സമ്പത്തു സ്വരൂപിക്കുന്നവരുമായി കാണുന്നുണ്ട്. ഇത്തരക്കാരെ "കുഞ്ഞുണ്ണി മാഷ്" ശരിക്കും പ്രഹരിക്കുന്നു.

"ഈശോയിലാണെൻ വിശ്വാസം
കീശയിലാണെൻ ആശ്വാസം"

ദൈവത്തിൽ തികഞ്ഞ വിശ്വാസമുണ്ട്. പക്ഷേ കീശവീർപ്പിക്കണമെന്ന ചിന്തയാണെപ്പോഴും. സമ്പത്തുകൂട്ടിവച്ചിട്ടെന്തു പ്രയോജനം? ആത്മാവുള്ള മനുഷ്യൻ ആത്മാവിനു പോഷണം നൽകാൻ വിമുഖനാണ്. അവനു പ്രധാനം നശ്വരമായ അവന്റെ ശരീരമാണ്. അതിനുപോഷണവും സൗന്ദര്യവും വേണം. മറ്റുള്ളവരുടെ മുമ്പിൽ ആകർഷകമായി പ്രത്യക്ഷപ്പെടണം. ഇന്നു സ്ത്രീകൾ കൗമാരപ്രായം മുതൽ മദ്ധ്യവയസ്കർവരെ ആടയാഭരണ പ്രിയരും മുഖം മിനുക്കി സുഗന്ധ വസ്തുക്കളും പൂശി നടക്കുന്നവരുമാണ്. ഇക്കാര്യത്തിൽ പുരുഷകേസരികളും ഒട്ടും പുറകിലല്ല. സുന്ദരികളായ കല്യാണപ്പെണ്ണുങ്ങൾപ്പോലും ഇന്നു ബ്യൂട്ടി പാർലറുകൾ സന്ദർശിച്ച് സൗന്ദര്യം കൂട്ടുന്നു. പക്ഷേ അവർ തിരിച്ചുവരുന്നത് 'ഡേർട്ടി പാർലറി'ൽ നിന്നാണെന്നേ തോന്നൂ. കല്യാണ ബഹളത്തിൽ വിയർത്തൊലിക്കുമ്പോൾ എന്താണവസ്ഥയെന്ന് അനുഭവിച്ചവർക്കേ അറിയൂ. സ്ത്രീയും പുരുഷനും ഉള്ള സൗന്ദര്യം കാത്തുസൂക്ഷിച്ചാൽ പോരേ? അവസാനത്തെക്കുറിച്ചു ചിന്തയില്ലാത്തവർ ഇതൊന്നോർക്കുക.

"തിലകം ചാർത്തിയും ചീകിയുമഴകായ്
പലനാൾ പോറ്റിയ പുണ്യ ശിരസ്സേ
വന്നിടുമൊടുവിൽ വൻചിത നടുവിൽ
വെറുമൊരു തലയോടായ് നീ"

അല്ലെങ്കിൽ എല്ലാം ആറടി മണ്ണിൽ ഒടുങ്ങും. മനുഷ്യശരീരത്തിന്റെ അവസ്ഥ ഇതായിരിക്കെ അതിനു നൽകുന്ന പ്രാധാന്യത്തിന്റെ ചെറിയൊരംശംപോലും പലരും പലപ്പോഴും ഒരിക്കലും നശിക്കാത്ത ആത്മാവിൽ നൽകുന്നില്ല. ഈശോമിശിഹാ തന്റെ പരസ്യജീവിതമാരംഭിച്ചപ്പോൾ നന്മ





കൾ മാത്രം ചെയ്തുകൊണ്ടു കടന്നുപോയി. അന്ധനു കാഴ്ചയും ചെകിടനു കേൾവിയും കുഷ്ഠരോഗിക്കു ശുദ്ധിയും മരിച്ചവർക്കു പുനർജീവനും പാപികൾക്കു പാപവിമോചനവും നൽകി. സമ്പത്തിന്റെ കൊമ്പത്തിരുന്ന സക്കേവൂസിനെ താഴെയിറക്കി, അവനെ മനുഷ്യസ്നേഹിയാക്കി മാറ്റി. മീൻപിടുത്തക്കാരെ മനുഷ്യരെ പിടിക്കുന്നവരാക്കി. തന്റെ സൗഖ്യത്തിന്റെ അനുഗ്രഹം സ്വീകരിക്കാൻ ഭാഗ്യം സിദ്ധിച്ചവരോടെല്ലാം മിശിഹാ പറഞ്ഞത് ഇത് നിങ്ങളുടേയോ പൂർവ്വികരുടേയോ പാപം നിമിത്തമല്ല നിങ്ങൾക്കീ രോഗം ബാധിച്ചത് പിന്നയോ ദൈവമഹത്ത്വം വെളിപ്പെടുത്താൻ വേണ്ടിയാണ്. അതുകൊണ്ട് നിങ്ങൾ ഇതാരോടും പറയരുത്. വീട്ടിലേക്കു മടങ്ങുക. പക്ഷേ, മേലിൽ പാപം ചെയ്യരുത്, സമാധാനത്തിൽ പോവുക എന്നാണ്. അവർക്കു നൽകിയ ഈ ഉപദേശം നമുക്കും മാനവരാശിക്കുമാണ്. നാം രോഗികളും പാപികളും ബലഹീനരുമാണ്. ഇതു ദൈവഹിതമെന്നു തിരിച്ചറിയണം. അപ്പോൾ സഹിക്കാനും ദൈവത്തോടടുക്കാനും സാധിക്കും. നാം ലളിത ജീവിതത്തിലേക്കു ചുവടുമാറ്റാൻ ശ്രമിക്കും. പുണ്യജീവിതം നയിക്കാൻ എന്നാൽ ഇന്നു നമ്മുടെ മിക്ക വീടുകളിലും രണ്ട് അത്ഭുതപ്പെട്ടികൾ സൂക്ഷിക്കുന്നതു കാണാം. അവ നമ്മുടെ ശരീരത്തേയും ആത്മാവിനേയും എങ്ങനെ ബാധിക്കുന്നു എന്നു വിലയിരുത്തിയാലോ!

**"ശവപ്പെട്ടി"**: ശാസ്ത്രപുരോഗതിയിൽ ഉരുത്തിരിഞ്ഞതാണ് ഈ അത്ഭുത പേടകം. ഈ യന്ത്രസംവിധാനം ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സൂക്ഷിക്കാനുള്ളതാണ്. സാന്ദർഭികമായി മിച്ചംവരുന്ന ആഹാരസാധനങ്ങൾ പാഴാകാതെ ഇതിനകത്ത് ഏതാനും മണിക്കൂർ സമയം (കേടാകാതെ) സൂക്ഷിച്ചുവയ്ക്കുവാൻവേണ്ടിയുള്ള പേടകമാണിത്. ഇതാണ് ഫ്രിഡ്ജ്-റെഫ്രിജറേറ്റർ. ചത്ത മത്സ്യങ്ങളെയും കൊന്നൊടുക്കുന്ന മൃഗങ്ങളെയും ദിവസങ്ങളും മാസങ്ങളും ആഴ്ചകളും അതിനകത്തുവച്ച് ഉപയോഗിക്കുന്നതുകൊണ്ടാണ് ഇതിനെ 'ശവപ്പെട്ടി' എന്ന് വിളിച്ചത്. ശരിയായ ആരോഗ്യത്തിന് ഫ്രിഡ്ജിന്റെ ഉപയോഗം കഴിവതും കുറയ്ക്കുന്നതാണ് നല്ലത്.

ഒരിക്കൽ തണുപ്പിച്ചെടുത്ത ആഹാരസാധനങ്ങൾ വീണ്ടും ചൂടാക്കരുത്. ഉപയോഗിക്കേണ്ടത് എടുത്ത് പുറത്ത് വയ്ക്കുക. അത് അല്പസമയത്തിനുള്ളിൽ അന്തരീക്ഷ ഊഷ്മാവിലെത്തും. ആ സമയം അതെടുത്ത് വേണ്ട രീതിയിൽ ഉപയോ



ഗിക്കാം.

തണുപ്പിച്ചെടുത്ത ജലം കുടിക്കുന്നത് ഒരു ശീലമാക്കാതിരിക്കുക. വിയർത്തുവരുമ്പോൾ തണുത്ത വെള്ളമല്ല വേണ്ടത്, ചെറുചൂടുള്ള വെള്ളമാണ് നല്ലത്. ഏറ്റവും നല്ലത് ചെറുചൂടുകഞ്ഞിവെള്ളത്തിൽ അല്പം ഉപ്പുച്ചേർത്തു കുടിക്കുന്നതാണ്. നഷ്ടപ്പെട്ട ലവണവും ശരീരത്തിന് ആരോഗ്യവും കിട്ടും. ദാഹവും തീരും. "ഉഷ്ണം ഉഷ്ണേന ശാന്തി" - ആയുർവേദ വിധി.

പച്ചക്കറികളും ഇലക്കറികളും ഫ്രിഡ്ജിൽ വയ്ക്കാതെ നോക്കുക. അവ കഴിക്കേണ്ടതു ചെറുചൂടോടെയാണ്. ഉള്ളിൽവച്ചു തണുപ്പിച്ച ഒരു സാധനവും വീണ്ടും ചൂടാക്കരുത്.

**നാടൻ ഫ്രിഡ്ജ്:** വായ് വട്ടമുള്ള ഒരു വലിയ മൺകലം അതിൽ പകുതിയോളം വെള്ളം നിറയ്ക്കുക. മറ്റൊരു ചെറു മൺകലം വലിയ കലത്തിനകത്ത് ഇറക്കി വയ്ക്കുക. ഈ കലത്തിനകത്ത്

ആവശ്യമായ സാധനങ്ങൾ നിക്ഷേപിച്ചശേഷം ഒരു മൺപാത്രംകൊണ്ട് വലിയ മൺപാത്രം അടച്ചുവയ്ക്കുക. ഇതാണ് പണ്ടുള്ളവർ സാധനങ്ങൾ കേടാകാതെ സൂക്ഷിച്ചുവയ്ക്കാൻ ഉപയോഗിച്ചമാർഗം.

ആധുനിക ഫ്രിഡ്ജ് ആരോഗ്യത്തിന് നല്ലതായി ഉപയോഗിക്കാനാവും. എന്നാൽ ഉപയോഗത്തിലെ തെറ്റായ മാർഗ്ഗം തിന്മയ്ക്കും കാരണമാകും.

**"വിഡ്ഢിപ്പെട്ടി"**: ഇതൊരത്ഭുത പ്രതിഭാസംതന്നെ.



ഇതിലൂടെ നാം ദൃശ്യ-ശ്രാവ്യ വിസ്മയങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നു. ആദ്യകാലത്തെ ഇതിന്റെ ഉദ്ദേശ്യങ്ങൾ നല്ലതായിരുന്നു എങ്കിലും 'വിഡ്ഢിപ്പെട്ടി' എന്ന ടെലിവിഷനിൽ അപകടം പതിയിരിക്കുന്നുവെന്നറിയുക. ആദ്യകാലത്ത് ടെലിവിഷൻ വിദ്യാഭ്യാസത്തിനും ആഗോളവാർത്തകൾക്കും വിജ്ഞാനത്തിനും വിനോദത്തിനും വേണ്ടി ഉപയോഗിച്ചിരുന്നു.

ഇന്നു കാലവും മനുഷ്യന്റെ 'കോലവും' മാറി. സകുടുംബം ഇരുന്നു കാണാൻ സാധിക്കാത്ത പലതും ടെലിവിഷനിലൂടെ കാണേണ്ടിയും കേൾക്കേണ്ടിയും വരുന്നു. നല്ലൊരു സന്ദേശമോ ഗുണപാഠമോ നല്കുന്ന പരിപാടികൾ തുലോം കുറവാണ്. പ്രക്ഷേപകർക്കും പ്രേക്ഷകർക്കും ഇഷ്ടപ്പെട്ട രീതിയിൽ അടിപിടി, അക്രമം, കൊലപാതകം, തട്ടികൊണ്ടുപോകൽ, രാഷ്ട്രീയ ഗുണ്ടായിസങ്ങൾ ഒളിച്ചോട്ടം, ബലാൽസംഗം, രജിസ്റ്റർ വിവാഹം തുടങ്ങി ക്രിമിനൽ പശ്ചാത്തലം ഉള്ള ക്രൂരതകളും ചീട്ടുകളി, മദ്യപാനം, പുകവലി (സ്ത്രീയും പുരുഷനും), നാമവസ്ത്രധാരികളായ യുവസുന്ദരികളുടെ മരംചുറ്റിക്കളിയും പ്രേമലീലകളും തുടങ്ങിയവയും മറ്റും ഇന്നത്തെ തലമുറയെ നയിക്കുന്നത് തെറ്റായ മാർഗത്തിലൂടെ അല്ലേ? ഇതൊക്കെ 'സെൻസർ' ചെയ്തു പ്രദർശിപ്പിക്കാൻ ഇന്ന് സെൻസർ ബോർഡ് ഉണ്ട്. പക്ഷേ അത് 'ഏട്ടിലെ പശു' ആയിപ്പോയോ? പല ചാനലുകളും ആളെ കൂട്ടാൻ ഇക്കാര്യങ്ങളിൽ മത്സരിക്കുമ്പോൾ ഒരു തലമുറയുടെ ആത്മവീര്യവും ആത്മവിശുദ്ധിയുമാണ് നഷ്ടപ്പെടുന്നത്.

ചില പരസ്യങ്ങൾപോലും ഇവയെ അനുകൂലിക്കുന്ന രീതിയിലാണ്. അതുകൊണ്ട് പഠിക്കുന്ന കുട്ടികൾ കഴിവതും രാത്രി ടിവിക്കുമുമ്പിൽ വരാതിരിക്കാൻ സൂക്ഷിക്കുക. കുട്ടികൾ മാതാപിതാക്കൾ നിർദ്ദേശിക്കുന്ന ചാനലുകൾ മാത്രം അവരുടെ സാന്നിദ്ധ്യത്തിൽ കാണട്ടെ. 'റിമോർട്ട് കൺട്രോൾ' കുട്ടികളെ ഏല്പിക്കാതെ മുതിർന്നവർ കൈയിലെടുക്കട്ടെ.

***പല ചാനലുകളും ആളെ കൂട്ടാൻ ഇക്കാര്യങ്ങളിൽ മത്സരിക്കുമ്പോൾ ഒരു തലമുറയുടെ ആത്മവീര്യവും ആത്മവിശുദ്ധിയുമാണ് നഷ്ടപ്പെടുന്നത്.***

നേരത്തെ വിവരിച്ച രീതിയിലുള്ള പരിപാടികൾ മാത്രമേ പ്രക്ഷേപണം ചെയ്യുന്നുള്ളൂ എന്നു ധരിക്കരുത്. നല്ലതും ചീത്തയും ഉണ്ട്. നന്മ സ്വീകരിക്കാം, തിന്മ നിരസിക്കാം. അതുകൊണ്ട് ആത്മാവിനെ ഹനിക്കുന്നവ പാടേ ഒഴിവാക്കുകതന്നെ വേണം. ആത്മാവിന് ഉണർവു നല്കുന്ന ശാലോം ടിവി പോലുള്ള നല്ല ചാനലുകളെ നമുക്കു കൂടുതൽ പ്രയോജനപ്പെടുത്താം.

(25-ാം പേജിലെ ഉത്തരം)

**സാമുവൽ**







രൂപീകരണം

# വിശ്വാസത്തിന്റെ അടിസ്ഥാനം: "ദൈവം സ്നേഹമാകുന്നു" എന്ന തീർച്ച



**ലീനാ അറയ്ക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ഒരു ക്രിസ്ത്യാനിയുടെ വിശ്വാസത്തിന്റെ അടിസ്ഥാനം "ദൈവം സ്നേഹമാകുന്നു" (1 യോഹ 4:8) എന്ന തീർച്ചയാണ്. ഈ സ്നേഹമാണ് അവന്റെ ഓരോ പ്രവൃത്തിയുടെയും അളവുകോലും നിയന്താവും. സഹനത്തിന്റെ തീച്ചൂളയിലെരിയാൻ പോലുമുള്ള ശക്തി അവൻ നേടിയെടുക്കുന്നത് ഈ സ്നേഹത്തിലുള്ള തീർച്ചയിൽ നിന്നുമാണ്. ഓരോ സൃഷ്ടിയിലും അവിടുത്തെ ഈ സ്നേഹസാന്നിധ്യം നാം തിരിച്ചറിയണം. സർവ്വസൃഷ്ടജാലങ്ങളും ദൈവസ്നേഹത്തിന്റെ വാഹകരാണ് എന്ന കണ്ടെത്തലും അതിനനുസൃതമായ ജീവിതവും ക്രിസ്തീയ വിശ്വാസത്തിനു നല്കുന്ന സാക്ഷ്യമാണ്. ദൈവസ്നേഹത്തിലുള്ള തീർച്ച നമ്മുടെ ചതുർവിധബന്ധത്തിന് എങ്ങനെ ഉത്തേജനം നല്കുന്നു എന്ന് നോക്കാം.

**ദൈവത്തോട്:** സൃഷ്ടവസ്തുക്കളിൽ ദൈവത്തെ കൂടുതൽ തിരിച്ചറിയുന്നതിനുള്ള ആഗ്രഹത്തോടെ അവിടുത്തോട് ചേർന്ന് അന്വേഷണം നടത്തുക. ഈ അന്വേഷണാനുഭവത്തെ ദൈവത്തെ സ്നേഹിക്കാനറിയാത്തവരോടും ലോകതാല്പര്യങ്ങളാൽ ആകർഷിക്കപ്പെട്ട് ദൈവസ്നേഹത്തിൽ നിന്നും വ്യതിചലിച്ചു പോയവരോടും പങ്കുവയ്ക്കുക എന്ന ഉദ്ദ്യേശ്യത്തോടെയാവണം ഈ അന്വേഷണമെന്നുമാത്രം.

**തന്നോടുതന്നെ:** മറ്റുള്ളവരുടെ കുറവുകൾ സന്തോഷത്തോടെ സ്വീകരിക്കാനുതകുന്ന വിധത്തിൽ സ്നേഹം നിറഞ്ഞ നല്ല കണ്ണുകളോടെ ദൈവസ്നേഹത്തിന്റെ വെളിച്ചത്തിൽ സ്വന്തജീവിത വിശ്വസ്തതയെ വിലയിരുത്താം.

**മറ്റുള്ളവരോട്:** ദൈവത്തിൽ നിന്നും കൈനീട്ടി വാങ്ങിയ നിരവധി ദാനങ്ങളെ തിരിച്ചറിയുന്നതിന് മറ്റുള്ളവരെ നമുക്കു സഹായിക്കാം. ഈ നന്മകളെല്ലാം നൽകുന്ന നല്ല ദൈവത്തിന് നന്ദി പറയുവാനും ദാനമായി സ്വീകരിച്ചവ ദാനമായി എല്ലാവരുമായി പങ്കുവയ്ക്കുവാനും പരിശ്രമിക്കാം.

**സാഹചര്യത്തോട്:** നാമായിരിക്കുന്ന സാഹചര്യങ്ങളെ എല്ലാവിധ തിന്മയുടെ ശക്തിയിൽ നിന്നും വേർപെടുത്തി ദൈവസ്നേഹത്തിന്റെ ആന്ദോളനങ്ങളാൽ നിറയ്ക്കുന്നതിനായുള്ള പരിശ്രമം ഇടാം.



### നിശബ്ദത കാരുണ്യമാണ്

"നീ നിന്റെ സഹോദരങ്ങളുടെ തെറ്റുകളും കുറവുകളും വെളിപ്പെടുത്താതെയിരിക്കുമ്പോൾ, അവരുടെ ഭൂതകാലത്തെക്കുറിച്ച് അന്വേഷിക്കാതെ അവരോട് നിരുപാധികം ക്ഷമിക്കുമ്പോൾ, കുറ്റം ആരോപിക്കാതെ അവരുമായി ഉറ്റബന്ധം പുലർത്തുമ്പോൾ, അവർക്കായി മാദ്ധ്യസ്ഥ്യം വഹിക്കുമ്പോൾ നിശ്ശബ്ദത കാരുണ്യമാകുന്നു".

(ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ)







# ഏറ്റവും മഹത്തായ ദൈവികരഹസ്യങ്ങൾ

സെലീനാ വെള്ളാത്തടം
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഏറ്റവും മഹത്തായ ദൈവികരഹസ്യങ്ങൾ ഉൾക്കൊള്ളുന്ന പരിശുദ്ധ കന്യകാമറിയം സഭാമക്കൾക്കു മാത്രമല്ല മനുഷ്യകുലത്തിനു മുഴുവനും അമ്മയായും ആശ്രയമായും നിലകൊള്ളുന്നു. ദൈവമാതാവായ അവൾ തന്നെ സമീപിക്കുന്നവർക്കെല്ലാം ദൈവത്തികലേക്ക് വഴിയൊരുക്കുന്നു. വിശുദ്ധിയുടെ മാതൃകയായിരുന്നുകൊണ്ട് വിശ്വാസികളുടെ ജീവിതത്തിന് ശക്തി പകരുന്നു. വിശുദ്ധിയെ ലക്ഷ്യംവച്ചുള്ള നമ്മുടെ ജീവിതയാത്രയിൽ പരിശുദ്ധ അമ്മയിൽ നമുക്കു പ്രത്യാശ വയ്ക്കാം. അമ്മയുടെ ചിറകിൻകീഴിൽ മനുഷ്യകുലത്തെ മുഴുവൻ സംരക്ഷിക്കണമേയെന്ന് ഈ ജപമാലരഹസ്യങ്ങളിലൂടെ നമുക്ക് പ്രാർത്ഥിക്കാം.

**1-ാം ദൈവരഹസ്യം: *മറിയം നമ്മുടെ വംശത്തിന്റെ മഹത്ത്വമാണ്.*** മനുഷ്യകുലത്തിന് മുഴുവൻ മഹത്ത്വം നല്കാൻ ദൈവകുമാരനെ പോറ്റിവളർത്തിയ പരിശുദ്ധ അമ്മേ, ദൈവം അമ്മയിൽ വസിച്ചതു പോലെ സഭാമക്കളും ഈശോയുടെ വാസസ്ഥാനമായിത്തീരുവാനും സഭയേയും അമ്മയേയും തള്ളിപ്പറഞ്ഞ് ഈശോയിൽ നിന്നകന്നുപോകുന്നവർ ദുഷ്ടാരൂപിയിലും അവന്റെ കെണികളിലും നിന്ന് രക്ഷനേടുവാനും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**2-ാം ദൈവരഹസ്യം: *പരി. മറിയം ജീവിക്കുന്നവരുടെയെല്ലാം അമ്മയായിരുന്നു.*** നിന്നിൽ അഭയം തേടുന്നവർക്കെല്ലാം അനുഗ്രഹം ചൊരിയുന്ന പരി. അമ്മേ, മാമോദീസാവഴി ഞങ്ങൾക്കു ലഭിച്ച ദൈവികജീവൻ നഷ്ടമാകാതെ അങ്ങേ പുത്രന് ഇഷ്ടമുള്ള മക്കളായി വളർന്ന് ദൈവമഹത്ത്വത്തിലെത്തിച്ചേരുവാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**3-ാം ദൈവരഹസ്യം: *അമ്മയിൽ പ്രത്യാശ വയ്ക്കുന്നവർ സന്തോഷിക്കും.*** പ്രാർത്ഥനാനിരതയായ പരിശുദ്ധ കന്യകാമാതാവേ, നിന്റെ പക്കൽ ഓടിയണയുന്ന മക്കളായ ഞങ്ങളെ അങ്ങേ ചിറകിൻകീഴിൽ സംരക്ഷിക്കണമേ. അങ്ങേപുത്രന്റെ വഴിയിലൂടെ നടന്ന് സ്വർഗീയ സന്തോഷത്തിലെത്തിച്ചേരുവാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**4-ാം ദൈവരഹസ്യം: *നിന്റെ വഴികളെല്ലാം ഒരുക്കപ്പെട്ടിരിക്കുന്നു.*** തിരുവുദരത്തിൽ ദൈവകുമാരന് വാസമൊരുക്കിയ കന്യാമാതാവേ, ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും ഈശോയെ വളർത്തിയതുപോലെ ഞങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന ജീവിതത്തിലെ എല്ലാ അനുഭവങ്ങളിലും ഈശോയുടെ ഇഷ്ടംമാത്രം അന്വേഷിക്കുവാനും ദൈവികജീവനിൽ പങ്കുചേരുവാനും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**5-ാം ദൈവരഹസ്യം: *സകലതലമുറയും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും.*** സുകൃതസുമങ്ങളാൽ അലംകൃതയായ പരി. അമ്മേ, എല്ലാ പുണ്യങ്ങളുടെയും നിറകുടമായി സ്വർഗത്തിൽ ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്ന അമ്മയുടെ ജീവിതം അനുകരിച്ച് പുണ്യപൂർണതയിൽ എത്തിച്ചേരുവാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

വിചാരണ



# കത്തോലിക്കാസഭയിലെ കള്ളത്തരങ്ങൾ



ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

"വീട്ടിൽ വേറെ ആരൊക്കെയുണ്ട്"!

"എന്റെ മമ്മീം പിന്നെ വല്യമ്മച്ചിയും. വല്യമ്മച്ചി ഒരു സംഭവമാ കേട്ടോ."

"അതെന്താടാ ഇത്ര വലിയ സംഭവം"

"അച്ചൻ വന്നു കണ്ടു നോക്ക്."

പുതുതായി ചെന്ന ഇടവകയിലെ ഒരു പത്താംക്ലാസ്സുകാരനെ പരിചയപ്പെട്ടപ്പോൾ നടന്ന സംഭാഷണത്തിലെ പ്രധാന ഭാഗങ്ങളാണിത്.

ഏതായാലും ആ 'സംഭവ'ത്തെ ഒന്നു കണ്ടുകളയാമെന്നു കരുതി കഴിഞ്ഞ ദിവസം ഞാനാ വീട്ടിൽ ചെന്നു. പുര നിറഞ്ഞുനില്ക്കുന്ന ഒരു വലിയ 'സംഭവ'ത്തെ പ്രതീക്ഷിച്ചു ചെന്ന ഞാൻ കണ്ടത് ഏകദേശം നാലരയടി പൊക്കവും അതിനു തക്ക വണ്ണവും മാത്രമുള്ള ഒരു വല്യമ്മച്ചിയേയാണ്. ഇതിലെന്താണിത്ര സംഭവമിരിക്കുന്നതെന്നു വിചാരിച്ച് ഞാൻ വീടിനുള്ളിൽ പ്രവേശിച്ചു. സൂക്ഷ്മ നോട്ടത്തിൽ വല്യമ്മച്ചിയുടെ കാലിയായ കാതും കഴുത്തും കണ്ടപ്പോൾ 'സംഭവ'ത്തിന്റെ ഏകദേശരൂപം എനിക്കു മനസ്സിലായിത്തുടങ്ങി.

"അച്ചാ, ഞാൻ  മണവാളന്റെ രണ്ടാമത്തെ വരവ് കാത്തിരിക്കുകയാണ്.

ഞാൻ ചെന്നു കയറിയപ്പോഴേ മുപ്പതു വർഷങ്ങൾക്കുമുമ്പ് പെന്തക്കോസ്തു സമൂഹത്തിലേക്ക് വഴി മാറി ചരിച്ച ആ 'സംഭവം' പ്രവർത്തിച്ചു തുടങ്ങി. എൺപത്തഞ്ചു വയസ്സുള്ള ആ അമ്മച്ചിയുടെ നാവിന് ഇരുപത്തഞ്ചിന്റെ തരിപ്പാണ് അതു പറയുമ്പോൾ.

"മുപ്പതു വർഷങ്ങളായിട്ടും ഇതുവരെ വന്നില്ലേ മണവാളൻ?"

ചോദ്യം അവഗണിക്കപ്പെട്ടു.

"അമ്പത്തഞ്ചാം വയസ്സുവരെ കത്തോലിക്കാ സഭയിലെ കള്ളത്തരങ്ങൾ വിശ്വസിച്ചു ജീവിതം നഷ്ടപ്പെടുത്തി. അച്ചാ സത്യം അറിയണം..." സത്യത്തെക്കുറിച്ചുള്ള വല്യമ്മച്ചിയുടെ സത്യവേദപുസ്തകജ്ഞാനം മണിമലയാറുപോലെ പുറത്തേയ്ക്കൊഴുകി. ഇതിനിടയിൽ സമീപത്തുനിന്ന കൊച്ചുമകന്റെ മുഖത്തേക്കു ഞാനൊന്നു പാളിനോക്കി. ചുണ്ടെലിയെ പിടിച്ച് കണ്ടൻപൂച്ചയുടെ മുമ്പിലിട്ടു കൊടുത്തിട്ട് അവരുടെ 'കളി' കണ്ടുനില്ക്കുന്ന വികാരമാണവന്റെ മുഖത്ത്. 'നിന്റെ വല്യമ്മച്ചി വെറുമൊരു സംഭവമല്ല. ഒരു മഹാസംഭവംതന്നെയെന്ന് ഞാൻ മനസ്സിൽ പറഞ്ഞു. അപ്രതീക്ഷിതമായി വീണു കിട്ടിയ ഒരു ചുമയുടെ ഗ്യാപ്പിൽ ഞാനവിടുന്നെഴുന്നേറ്റു. പിന്നെ വരാമെന്നു പറഞ്ഞു പുറത്തിറങ്ങിയപ്പോൾ ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിച്ചുപോയി, "മണവാളാ വേഗം വരണമേ"യെന്ന്.

കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ചു ധ്യാനിക്കുന്ന പുതിയ ആരാധനക്രമ കാലത്തിലേക്കു നാം പ്രവേശിക്കുകയാണ്. രക്ഷാകര സംഭവങ്ങളുടെ ധ്യാനവും ആഘോഷവുമായി ആരാധനക്രമവത്സരത്തെ സംവിധാനം ചെയ്തപ്പോൾ അതിലൂടെ നാം നേടിയെടുക്കേണ്ട ചില യഥാർത്ഥ അനുഭവങ്ങൾകൂടി സഭ വിഭാവനം ചെയ്തിട്ടുണ്ട്. പക്ഷേ പലപ്പോഴും ആ യാഥാർത്ഥ്യങ്ങളെ ചിന്തയിൽ സൂക്ഷിക്കാതെ കുറേ യാന്ത്രിക ചലനങ്ങളായി മാത്രം അനുഷ്ഠാനങ്ങൾ മാറുമ്പോഴല്ലേ 'കത്തോലിക്കാ സഭയിലെ കള്ളത്തരങ്ങളാണ'വയെന്ന് ചിലർക്കെങ്കിലും അനുഭവപ്പെടുന്നത്? കൂദാശകൾ, പ്രത്യേകിച്ച് വി. കുർബാന വ്യക്തിപരമായ ദൈവസാന്നിദ്ധ്യാനുഭവത്തിന്റെ യഥാർത്ഥ മാർഗമായി അനുഭവിക്കാൻ എത്ര പേർക്കു സാധിക്കുന്നുണ്ടെന്നു നാം ചിന്തിക്കണം. തിരുശരീര രക്തങ്ങളെ വെറും ഓസ്തിയും വീഞ്ഞുമായി മാത്രം കാണുകയും ആ രീതിയിൽ അവിടുത്തെ സമീപിക്കുകയും ചെയ്യുന്നവർ നിരവധിയാണ്. തനിക്കു പകരമായി മിശിഹാ സ്ഥാപിച്ചിരിക്കുന്ന കൂദാശകളിലൂടെ തിരുസാന്നിധ്യം അനുഭവിക്കാൻ സാധിക്കാത്തവർ എന്നോ വരുന്ന മണവാളനെ കാത്തിരിക്കുന്നതിൽ എന്താണർത്ഥം?

പുകയുടെയും സ്പോട്ട് ലൈറ്റിന്റെയും ശബ്ദത്തിന്റെയും അകമ്പടിയോടെ, എടുത്തുപൊക്കിയാൽ നടുവുളുക്കുന്ന തരത്തിലുള്ള അരുളിക്കായിൽ വി. കുർബാന എഴുന്നെള്ളിച്ചുവച്ച് ആരാധന നടത്തുന്നവർ വി. കുർബാനയെ ഒരു വിശുദ്ധ വസ്തുമാത്രമായി മാറ്റുകയാണ്. അങ്ങനെയൊരു ഭക്താനുഷ്ഠാനത്തെക്കാൾ ജീവിതത്തിൽ വ്യക്തിപരമായി ദൈവസാന്നിധ്യത്തിന്റെ അനുഭവം നിറയ്ക്കാൻ സാധിക്കുന്ന തരത്തിൽ കൂദാശകൾ പരികർമ്മം ചെയ്യുന്നതും അതിൽ പങ്കെടുക്കുന്നതുമല്ലേ കൂടുതൽ നല്ലത്! ദൈവം വിശുദ്ധ വസ്തുവാകാതെ കൂടെയായിരിക്കുന്ന വ്യക്തിയായി അനുഭവിക്കണമെങ്കിൽ സഭയോടു ചേർന്ന് ശരിയായ ചൈതന്യത്തിൽ കൂദാശാജീവിതം നയിക്കുക മാത്രമാണ് മാർഗം.



# പ്രോസാങ്ടിറ്റി മൂവ്മെന്റ്

"ഇതാകുന്നു ദൈവഹിതം - നിങ്ങളുടെ വിശുദ്ധീകരണം"
(1 തെസ 4:3).



ദൈവദാസൻ
ബിഷപ് വില്യം ജകീൻതാ

രണ്ടാം വത്തിക്കാൻ സൂനഹദോസ് 'വിശുദ്ധിയിലേയ്ക്കുള്ള സാർവ്വത്രിക വിളി'യെക്കുറിച്ച് 'തിരുസ്സഭ' എന്ന പ്രമാണരേഖയിൽ അഞ്ചാം അദ്ധ്യായത്തിൽ ഔദ്യോഗികമായി പ്രതിപാദിക്കുന്നതിന് വർഷങ്ങൾക്കു മുൻപുതന്നെ "എല്ലാവരും വിശുദ്ധിയിലേയ്ക്കു വിളിക്കപ്പെട്ടിരിക്കുന്നു" എന്ന സത്യം ജീവിക്കുവാനും പ്രഘോഷിക്കുവാനുംവേണ്ടി പ്രത്യേകമായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു പ്രവാചകനായിരുന്നു 'വിശുദ്ധിയുടെ പ്രേഷിത കുടുംബത്തിന്റെ' സ്ഥാപകനായ അഭിവന്ദ്യ വില്യം ജകീൻതാ പിതാവ്. അദ്ദേഹം 1914 ജൂൺ മാസം 25-ാം തീയതി 'നോത്തോ'യിൽ ജനിച്ചു. 1939 മാർച്ച് 18-ന് വൈദികപട്ടം സ്വീകരിച്ചു. 1945 മുതൽ റോമിൽ വികാരിയാത്തോയിലെ നിയമകാര്യാലയത്തിലെ ഡിഫെൻസർ ആയി. 1947-ൽ പ്രോസാങ്ടിറ്റി മൂവ്മെന്റിനു രൂപം കൊടുത്തു. പിന്നീട് അപ്പസ്തോലിക് ഒബ്ലേറ്റ്സ്, അപ്പസ്തോലിക് സൊഡാലസ്, സോഷ്യൽ ആനിമേറ്റേഴ്സ് എന്നീ സമൂഹങ്ങൾക്കു രൂപം കൊടുത്തു. 1961-ൽ റോമൻ വികാരിയാത്തോയുടെ സെക്രട്ടറിയായും എപ്പിസ്കോപ്പൽ കമ്മീഷന്റെ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു. 1968 സെപ്റ്റംബർ 18 ന് മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. 1994 ജൂൺ 15-ന് ദിവംഗതനായി. 2005 മാർച്ച് 17-ന് ദൈവദാസപദവിയിലേയ്ക്കുയർത്തപ്പെട്ടു.

"നാളെയെക്കുറിച്ച് സ്വപ്നം കാണാൻ കഴിവുള്ളവരാകുക. അതായത് നമുക്ക് അസാധ്യമെന്നും ബുദ്ധിമുട്ടുള്ളതെന്നും തോന്നുന്ന പദ്ധതികളെക്കുറിച്ച് നിരാശരാകാതെ ഇന്നു നാം എന്തിനുവേണ്ടി പ്രവർത്തിക്കുന്നുവോ എന്തിനുവേണ്ടി സഹിക്കുന്നുവോ അത് നാളെ യാഥാർത്ഥ്യമായിത്തീരുമെന്ന് ഉറച്ചു വിശ്വസിക്കുക" ബിഷപ് വില്യം ജകീൻതാ.

പ്രതീക്ഷയുടെ
# പൂമൊട്ടുകൾ



"ജീവൻ നല്കീടും
അടയാളം നിത്യം
ഞങ്ങൾ ധരിക്കുന്നു.
ജീവിതമാകും സമരത്തിൽ
ഖഡ്ഗാദികളല്ലായുധമായ്
കർത്താവേ, നീ തന്നതു നിൻ
സ്ലീവായല്ലോ പൊരുതിടുവാൻ
അതുവഴിയായ്-ഞങ്ങൾ വിജയിക്കും".

(ഏലിയാ സ്ലീവാ മുശെക്കാലം, ഞായർ റംശാ)

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

For private circulation only